Vol. 18. No. 10.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

October 1920.

# വിഷയ വിവരണിക.


പേജ്.

1. സ്വാഗതഗാനം. 221
2 തിരുസഭയുടെ പുതിയ വേദപാരംഗതൻ. 223
3. ജപമാല. 225
റവ. ഫാദർ സൈമൺ സി. ഡി.
4. കാവൽ മാലാഖാ. എസ്. എസ്. 227
5. കേരളവും ക്രിസ്തുമതാരംഭവും. 227
ശ്രീമാൻ കെ. ഇ. ജോബ് ബി. എ.
6. കൊന്തയുടെ സന്തോഷരഹസ്യങ്ങൾ. 231
7. കച്ചവടക്കാർക്കായിട്ടുള്ള ഒരു നീതിദർപ്പണം. 231
റവ. ഫാദർ ഗ്രിഗോറി സി. ഡി.
8. ഞങ്ങളുടെ വരിക്കാരോട്. 233
9. കൊച്ചുത്രേസ്യായും പരസ്നേഹവും. 235
റവ. ഫാദർ ജോൺ സി. ഡി.
10. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. 237
സ്വന്തം കൊച്ചച്ചൻ.
11. കത്തോലിക്കർ അറിഞ്ഞിരിക്കേണ്ട ഒരു സംഗതി. 239
റവ. ഫാദർ ജോസഫ് പറേടം.
12. തിരുഹൃദയ പൊതുനിയോഗം. 240
13. വർത്തമാനക്കുറിപ്പുകൾ. 241
14. ചരമവാർത്തകൾ.
15. പഞ്ചാംഗം.
16. പരസ്യങ്ങൾ.



# വില്പാൻ തയ്യാർ!

മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടതും പല അളവിലുള്ളതും മനോഹരങ്ങളുമായ കൊത്തുരൂപങ്ങൾ വിൽപാൻ തയ്യാർ!! അളവും വിലവിവരവും താഴെ കാണിക്കുന്നു. ആവശ്യക്കാർ ഈ ആഫീസിൽ വന്നു വാങ്ങേണ്ടതാണ്.

| | | | | രൂ. | ണ. | പൈ. |
|---|---|---|---|---|---|---|
| തിരുഹൃദയരൂപം | 6 | ഇഞ്ച്. | 1ക്ക്. | 0– | 15– | 0 |
| ,, ,, | 9 | ,, | ,, | 1– | 8– | 0 |
| ,, ,, | 12 | ,, | ,, | 2– | 8– | 0 |
| ,, ,, | 13 | ,, | ,, | 3– | 8– | 0 |
| ,, ,, | 1 അടി 6 | ,, | ,, | 6– | 0– | 0 |
| വി. അന്തോനീസിന്റെ രൂപം | 9 | ,, | ,, | 1– | 8– | 0 |
| വി. സെബാസ്ററ്യൻ രൂപം | | | ,, | 35– | 0– | 0 |
| Infant Jesus | | | ,, | 15– | 0– | 0 |


സൂപ്രണ്ട്, സെൻറു ജോസഫ് പ്രസ്, മാന്നാനം.

# ഇൻഡ്യയുടെ അ. ഉ. ദലഗാദപ്പൊസ്തോലിക്കാ തിരുമനസ്സിലേക്കു സ്വാഗതം.

1. പത്രോസാകും പാറയിന്മേൽ പണിതപള്ളിതൻഭാരം
പത്രോസുതാനെന്നെന്നേയ്ക്കും വഹിച്ചീടുന്നു.
2. പത്രോസെന്നാലമർത്ത്യനല്ലെന്നുള്ളതു കാരണത്താൽ
പത്രോസിന്നു പിൻഗാമികൾ ഭവിച്ചീടുന്നു.
3. പത്രോസിന്റെ പിൻഗാമികൾ റോമ്മയിലിരുന്നുകൊണ്ടു
പാർത്തലമെങ്ങുമേ സ്ഥാനപതികളായി
4. കീർത്തിയേറീടുന്ന മഹാ ധന്യരായ ജനങ്ങളെ
ചീർത്തമോദത്തോടു ചേർന്നങ്ങയച്ചീടുന്നു.
5. ഇങ്ങനെ റോമ്മായുടേയപ്രാതിനിധ്യത്തോടുകൂടി-
യിങ്ങെഴുന്ന ദലഗാദാണിക്കാണും ദേഹം.
6. ഈസ്റ്റിൻഡീസിൻ ഡെലിഗേററാം മാറെറഴുന്ന മതിമാനു
മാററമെന്യേ ഭവിക്കട്ടേ സ്വാഗതമിപ്പോൾ.
7. സത്യക്രിസ്ത്യാനികളാം തൻ പുത്രരെയൊക്കയുമിങ്ങു
കാത്തുകൊണ്ടു ചിരകാലം വിളങ്ങിടട്ടേ!
8. സുറിയാനിസഭയ്ക്കായി ഹയരാർക്കിയതിവേഗാൽ
തരുമാറു സഹായിച്ചു ജയിച്ചീടട്ടേ!
9. ആത്മികവും ലൌകികവുമായിടുന്ന നന്മകളെ-
യാത്മജനസഞ്ചയത്തിൽ ചൊരിഞ്ഞീടട്ടേ!
10. ദീർഘകാലമുന്നതമാം സ്ഥാനമൊക്കെ വഹിച്ചപിൻ
സ്വർഗ്ഗഭാഗ്യം പ്രവേശിച്ചു സുഖിച്ചീടട്ടേ!

(മട്ടുമാറി)

1. സത്യസഭയുടെ സ്തുത്യർഹമായുള്ള
കൃത്യനിഷ്ഠാരീതികണ്ടാലും ലോകരേ.
2. കേട്ടലവലേശമാട്ടുകൾക്കു വന്നു
കൂടാതെ കാക്കുന്ന സൂക്ഷ്മം കണ്ടീടുവിൻ.
3. ഉണ്ടല്ലൊഴിഞ്ഞിപ്പോളിൻഡ്യയിങ്കൽതന്നേ
കണ്ടുവരും ഭരണക്രമം നോക്കുവിൻ
4. ധന്യരായീടുന്ന വൈദികന്മാർ പലർ
പിന്നെയവർക്കു മേലായിട്ടു മെത്രാന്മാർ
5. എന്നാലവർക്കൊക്കെ മേലാവായിട്ടിപ്പോ-
ളുന്നതനാകും ദലഗാദ്ദും വാഴുന്നു.
6. കേന്ദ്രസ്ഥലമാകും റോമ്മായോടേവരും
ചേർന്നിദം ഭംഗംകലരാതെ മേവുന്നു.
7. മുന്തിരിത്തണ്ടാകും ക്രിസ്തുവിനോടേവ-
മന്തരമില്ലാതെ ചേർന്നു വളരുന്നു.
8. ഇത്തണ്ടിൽനിന്നഹോ വേർവിട്ട കൊമ്പുകൾ
പ്രത്യഹമേററവും വാടി മയങ്ങുന്നു.
9. മേലിലുമീദിക്കിചാലസ്യം കൂടാതെ
ചേലൊത്തൊരീസഭ ശോഭിച്ചു പൊങ്ങട്ടേ!
10. ദൈവമേ! പാപ്പായും തന്റെ ദലഗാദ്ദും
സല്പസുഖത്തോടു വാഴാൻ തുണയ്ക്കണേ!!



WELCOME

To His Excellency Mgr. Pietro Pisani D. D.

*Delegate Apostolic of India.*

# കർമ്മലകുസുമം

പുസ്തകം ൧൭.　　　　൧൯൨൦ ഒക്ടോബർ　　　　ലക്കം ൧൦.


## തിരുസഭയുടെ പുതിയ വേദപാരംഗതൻ.

ഇക്കാലപൎയ്യന്തം പൌരസ്ത്യസഭയുടെ ഒരു വേദപാരംഗതനായി മാത്രം പരിഗണിക്കപ്പെട്ടുവന്നിരുന്ന സുറിയാനിസഭാദീപമായ മാർ അപ്രേമിനെ, കഴിഞ്ഞ മാസത്തിൽ പരിശുദ്ധ പിതാവു പതിനഞ്ചാം ബെനദീക്തോസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ട് തിരുസഭയുടെ പൊതുമല്പാന്മാരുടെ ശേഖരത്തിൽ ചേൎത്തു പ്രഖ്യാപനം ചെയ്തിരിക്കുന്ന വിവരം അനല്പമായ സന്തോഷത്തോടുകൂടെ അറിയിച്ചുകൊള്ളുന്നു. കത്തോലിക്കാ സഭയിലെ വിഖ്യാതന്മാരായ വേദശാസ്ത്രജ്ഞന്മാരെ സഭാപിതാക്കന്മാരെന്നും വേദപാരംഗതന്മാരെന്നും രണ്ടിനമായിട്ടാണല്ലൊ തിരിക്കാറുള്ളതു്. ക്രിസ്ത്വബ്ദം പന്ത്രണ്ടാം ശതവൎഷത്തിനപ്പുറമുള്ള ഗണനീയന്മാരായ വേദാന്തഗ്രന്ഥകാരന്മാരെയെല്ലാം പ്രായേണ സഭാപിതാക്കന്മാർ എന്നു നാമകരണം ചെയ്തുവരുന്നു. പാണ്ഡിത്യത്തിനുപുറമേ സഭാപിതാക്കന്മാൎക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ലക്ഷണം പൂൎവ്വികത്വം ഒന്നുമാത്രമാകുന്നു. തെൎത്തുല്യൻ ആദിയായി ആരംഭത്തിൽ സത്യമതാവലംബികളായിരുന്ന ശേഷം പിന്നീടു് തെറ്റിപ്പോയിട്ടുള്ളവരും ഇതിനാൽ ഒരുവിധത്തിൽ പിതാക്കന്മാരായിട്ടാണ് എണ്ണപ്പെട്ടുവരുന്നതു്. ഈ ഗണനപ്രകാരം പന്ത്രണ്ടാം ശതാബ്ദത്തിന്റെ മദ്ധ്യത്തിലായി മരിച്ച വിശുദ്ധ ബെൎന്നാൎദിനെ ഒടുവിലത്തേ സഭാപിതാവായി വിചാരിച്ചുപോരുന്നു.

വേദപാരംഗതൻ എന്നുള്ള പേരു സിദ്ധിക്കുന്നതിലേക്കു ശാസ്ത്രപാണ്ഡിത്യത്തിനു പുറമേ ജീവിതപരിശുദ്ധതയും തിരുസഭയുടെ പ്രത്യേക പ്രഖ്യാപനവും കൂടെ ആവശ്യമായിരിക്കുന്നു. ഇതിനാൽ ആദ്യംതന്നെ വേദശാസ്ത്രസംബന്ധമായി സുസമ്മതനായ ഒരു ഗ്രന്ഥകാരനായിരിക്കണം. രണ്ടാമതായി പേരുവിളിക്കപ്പെട്ടിട്ടുള്ള ഒരു പുണ്യവാനായിരിക്കണം. മൂന്നാമതായി തിരുസഭയിൽ നിന്നു വേദപാരംഗതനായി നാമകരണം ചെയ്യപ്പെടണം. മുന്നൂറിൽപരമുള്ള പ്രസിദ്ധ സഭാപിതാക്കന്മാരിൽ നിന്നും, പന്ത്രണ്ടാംനൂറ്റാണ്ടിനു ശേഷമുള്ള വേദശാസ്ത്രജ്ഞന്മാരിൽനിന്നും ഈദൃശലക്ഷണങ്ങളോടുകൂടിയ ഇരുപത്തിനാലുപേരെ മാത്രമേ ഇതേവരെയുള്ള പരിശോധനകൾകൊണ്ടു കണ്ടുകിട്ടാൻ കഴിഞ്ഞിട്ടുള്ളുവെന്നു പറയുമ്പോൾതന്നെ ഈ സ്ഥാനത്തിന്റെ മഹത്വം ഏറക്കുറെ വിശദമാകുന്നതാണ്. മാർ അപ്രേം ഉൾപ്പെടെ ഇപ്പോഴുള്ള ഈ ഇരുപത്തിനാലു പേരിൽ പതിനാറു് ലത്തീൻസഭയിൽ പെട്ടവരും, എട്ടു കിഴക്കൻസഭകളിൽ നിന്നുള്ളവരുമാകുന്നു. രണ്ടു മാൎപ്പാപ്പാമാരും രണ്ടു കൎദ്ദിനാളന്മാരും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടു. ബാക്കിയുള്ളവരിൽ ആറുപേരൊഴികെ എല്ലാവരും മെത്രാന്മാരാണ്. സന്ന്യാസ സഭാംഗങ്ങ

ളായി ഒരു ഡൊമ്മിനീക്കോസ് സഭക്കാരനും ഒരു ഫ്രാംസീസ്കോസ് സഭക്കാരനും ഒരു രക്ഷിതാവിന്റെ സഭക്കാരനും, അഞ്ചുബനദിക്തോസ് സഭക്കാരുമാണുള്ളതു്. മാർ അപ്രേമിനു സിദ്ധിച്ച ഈ വേദപാരംഗതസ്ഥാനം സുറിയാനി സഭയ്ക്കു എത്ര അഭിമാനജനകമായിട്ടുള്ളതാണെന്നു ഇനി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. മദ്രാസിൽ നിന്നും പുറപ്പെടുന്ന "കത്തോലിക്ക വാച്ചുമാൻ" എന്ന പത്രം ഈ സംഭവത്തെ പ്രസിദ്ധപ്പെടുത്തിയ കൂട്ടത്തിൽ കേരളത്തിലെ സുറിയാനിക്കാൎക്കു ഇതു അനിൎവ്വചനീയമായ ആഹ്ളാദത്തിനു കാരണമായിരിക്കുമെന്നു പ്രസ്താവിച്ചിരുന്നതു നാം പ്രത്യേകം ഓൎക്കേണ്ടിയിരിക്കുന്നു.

സിറിയായിൽ ന്‌സീബിൻ എന്ന പട്ടണത്തിൽ ക്രീസ്തുവൎഷം നാലാംശതവൎഷാരംഭത്തിലാണു നമ്മുടെ പുതിയ വേദപാരംഗതന്റെ ജനനം. മാതാപിതാക്കന്മാർ വിഗ്രഹാരാധനക്കാരായിരുന്നു. പതിനെട്ടു വയസ്സിൽ ജ്ഞാനസ്നാനംകൈക്കൊണ്ടു ഏറെ കഴിയുംമുമ്പുതന്നെ ഈ ദേഹം സന്ന്യാസജീവിതത്തിൽ പ്രവേശിച്ചു. ക്രിസ്ത്വാബ്ദം ൩൭൩-ൽ എദേസ്സാപ്പട്ടണത്തിൽ വച്ചു പരലോകപ്രാപ്തനാകയും ചെയ്തു. കേവലം അജ്ഞാതനായിരുന്ന ഈ താപസൻ—പുരോഹിതസ്ഥാനത്തിലേക്കു പോലും ഉയൎത്തപ്പെട്ടിട്ടില്ലാത്ത ഈ ആറാംപട്ടക്കാരൻ—ഈകാലത്തിനിടയിൽ തിരുസഭയ്ക്കുവേണ്ടി നിൎവ്വഹിച്ചിട്ടുള്ള മഹത്തായ കാൎയ്യങ്ങളെ ഓൎത്തുനോക്കിയാൽ ആൎക്കാണു ആശ്ചൎയ്യം തോന്നാത്തതു്! അഗാധമായ എളിമയാൽ തന്റെ ഏകാന്ത ജീവിതത്തിൽതന്നെ കാലം നയിക്കുന്നതിനു അത്യധികം ആഗ്രഹിച്ചിരുന്നെങ്കിലും, ദൈവസ്തുതിക്കു വേണ്ടി ആവശ്യമെന്നു കണ്ടപ്പോൾ, ധീരതയോടെ വെളിക്കിറങ്ങി പതിതരോട് പോരാടുന്നതിനും മടിച്ചില്ല. വേദപുസ്തകത്തിന്റെ വ്യാഖ്യാനങ്ങൾ അത്ര്യന്തം തുടൎച്ചയായി എഴുതിയിട്ടുള്ളതായി പിതാക്കന്മാരിൽ ആരുംതന്നെയില്ല. പല ഭാഗങ്ങളും ഇനിയും കണ്ടുകിട്ടേണ്ടതായുണ്ടെങ്കിലും നമ്മുടെ ഈ വേദപാരംഗതൻ വിശുദ്ധ ലിഖിതങ്ങളെ ആപാദചൂഡം വ്യാഖ്യാനിച്ചിട്ടുണ്ടെന്നാണു പരിശോധനകൾകൊണ്ടു തെളിയുന്നതു്. "പരിശുദ്ധാത്മാവിയുടെ കിന്നരം" എന്നു സാൎത്ഥമായി ഘോഷിക്കപ്പെടുന്ന ഈദേഹം തന്റെ കവിതാവാസനയാൽ അനന്യസാധാരണമായ ഒരു സ്ഥാനത്തെ അൎഹിച്ചിട്ടുണ്ടെന്നു പറയണം. സുറിയാനിഭാഷാ പദ്യസാഹിത്യത്തിന്റെ ജനയിതാവു എന്ന അഭിധാനംപോലും ഈദേഹത്തിനു നൽകുന്നതിന്നു ചിലർ മടിക്കുന്നില്ല. സുപ്രസിദ്ധങ്ങളായ തന്റെ പ്രസംഗങ്ങൾ പലതും പദ്യരീതിയിലാണു എഴുതപ്പെട്ടിരിക്കുന്നതു്. കവിതാവിഷയത്തിൽ തന്നെ ജയിക്കുന്നതിനെന്നല്ല, തന്നോടു സമീപിക്കുന്നതിന്നുപോലും ഏതൽപൎയ്യന്തം പ്രസ്തുത ഭാഷയിൽ ആൎക്കും സാധിച്ചിട്ടില്ലെന്നാണ് സൂക്ഷ്മപരിശോധന നടത്തിയിട്ടുള്ള വിമൎശകന്മാർ അഭിപ്രായപ്പെടുന്നതു്. മതവൈരികളോടുള്ള തന്റെ വാദപ്രതിവാദരീതി അഖണ്ഡനീയങ്ങളെന്നു പറയപ്പെടുന്നു. എന്നാൽ മാർ അപ്രേമിന്റെ ഇത്ര വിശാലമായ ഈ ശാസ്ത്രഭണ്ഡാരം, സുറിയാനിഭാഷയുടെ അധീനത്തിലായിരുന്നതിനാൽ ഇതേവരെ വിദേശിയൎക്കു അറിയപ്പെടാതെ കിടന്നിരുന്നതേയുള്ളു. പത്തൊൻപതാം ശതവൎഷാരംഭത്തോടുകൂടെ മാത്രമാണ് പുണ്യവാന്റെ കൃതികൾ ഓരോന്നായി പുറത്തുവന്നുതുടങ്ങിയതു്. പൂൎണ്ണമായ ഒരു ശേഖരം ഇനിയും വെളിക്കു വന്നിട്ടില്ല. എങ്കിലും അസ്സേമാനി ആദിയായവരുടെ അക്ഷീണപരിശ്രമത്താൽ, കണ്ടുകിട്ടിയതുകളിൽ ഏറിയഭാഗവും ലാററിൻ മുതലായ വിദേശഭാഷകളിലേക്കു പരിഭാഷപ്പെടുത്തുകയുണ്ടായി. അപ്പോഴാണ് പാശ്ചാത്യർ മാർ അപ്രേമിന്റെ ആഴം അറിഞ്ഞുതുടങ്ങിയതു്. അന്നുമുതലാണ് വേദാന്തകൃതികളിലെല്ലാം മാർ അപ്രേമിന്റെ സാക്ഷ്യങ്ങളും ധാരാളമായി കണ്ടുതുടങ്ങിയതു്. ഇപ്പോഴിതാ തിരുസഭയുടെ വേദപാരംഗതനെന്നുള്ള സ്ഥാനവും നമ്മുടെ പുണ്യവാനു ലബ്ധമായിരിക്കുന്നു. പൌരസ്ത്യസഭയുടെ ശോചനീയാവസ്ഥയിൽനിന്നു വേഗത്തിൽ അതിനെ വിമോചിക്കുന്നതിനു, സ്മരണീയമായ ഈ അവസരത്തിൽ നമ്മുടെ പിതാവിനോടു നാം പ്രാൎത്ഥിക്കണം.

# ജപമാല.

മാൎക്കോപോളോ എന്ന വെനേഷ്യൻ സഞ്ചാരി ക്രിസ്തുവബ്ദം പതിമ്മൂന്നാം ശതവൎഷത്തിൽ നമ്മുടെ മലയാളരാജ്യം സന്ദൎശിച്ചപ്പോൾ അന്നിവിടെയുണ്ടായിരുന്ന ഒരു ഹിന്തു രാജാവു ഒരുവക ജപമാല ഉപയോഗിച്ചിരുന്നതിനെ കണ്ടതായി അദ്ദേഹത്തിന്റെ യാത്രാവിവരണങ്ങളിൽ കാണുന്നു. വി. ഫ്രംസീസ്സ്കൊസ് ശൌൎയ്യാർ പുണ്യവാൻ ജപ്പാനിൽ ചെന്നപ്പോൾ അവിടെയുള്ള ബുദ്ധമതക്കാരുടെയിടയിലും ഒരുതരം ജപമാല കാണുകയുണ്ടായി. മഹമ്മദീയരാദിയായ ജാതിക്കാരും ഓരോതരത്തിലുള്ള ജപമാലകൾ ഉപയോഗിച്ചുവരുന്നുണ്ടു്. ഒരേ ജപത്തെ പലപ്രാവശ്യം ആവൎത്തിച്ചു ചൊല്ലേണ്ടതായി വരുമ്പോൾ അതിന്റെ തുക നിശ്ചയപ്പെടുത്തുന്നതിന്നായിട്ടാണു ഇവരെല്ലാവരും ഇതിനെ ഉപയോഗപ്പെടുത്തി വരുന്നതു്.

ക്രിസ്തീയസഭയുടെ ഏകദേശം ആരംഭകാലം മുതൽക്കു തന്നേ ഇപ്രകാരമുള്ള ഒരുപകരണം ഉപയോഗത്തിൽ വന്നിട്ടുള്ളതായി പൂൎവ്വികവനവാസികളുടെ ചരിത്രങ്ങളിൽ നിന്നു കാണാം. അധികമായി ഇങ്ങനെ ആവൎത്തിച്ചു ചൊല്ലിവന്നിരുന്ന ജപം 'ആകാശങ്ങളിലിരിക്കുന്ന'തായിരുന്നു. അതിനാൽ 'പാത്തർ നോസ്റ്റർ' അഥവാ 'ആകാശങ്ങളിലിരിക്കുന്നതു' എന്ന പേരിനാൽ തന്നേ, ഈ വിധ ജപമാലകൾ ചിലെടങ്ങളിൽ അറിയപ്പെട്ടുവന്നിരുന്നു. കാലക്രമേണ 'നന്മനിറഞ്ഞ മറിയം' എന്ന ജപത്തിനും ഇതുപോലെയുള്ള പ്രചാരം സിദ്ധിച്ചു. എന്നാൽ ഇപ്പോൾ നടപ്പിലിരിക്കുന്ന വിധത്തിൽ, ദിവ്യരക്ഷനാഥന്റെ മാനുഷാവതാര രഹസ്യങ്ങളെ ധ്യാനിച്ചുകൊണ്ടുള്ള അൻപത്തിമൂന്നു, അഥവാ നൂററി അമ്പത്തുമൂന്നുമണി ജപമാല ആരംഭിച്ചിട്ടുള്ളതു ൧൩-ാം ശതവൎഷാരംഭത്തിൽ വി. ഡൊമ്മിനിക്കോസിന്റെ കാലം മുതൽക്കു മാത്രമാകുന്നു. അക്കാലത്തു ഫ്രാൻസു രാജ്യത്തിന്റെ തെക്കേഭാഗത്തു തിരുസഭയ്ക്കു മഹാ നാശകാരണമായി ഭവിച്ചിരുന്ന അൽബിജെൻസ് എന്ന പതിതവൎഗ്ഗത്തെ ഉന്മൂലനം ചെയ്യുന്നതിലേക്കു പരിശുദ്ധ ദൈവജനനിതന്നേ ഈ ഉപകരണം പ്രസ്തുത വിശുദ്ധനു ഉപദേശിച്ചുകൊടുക്കയാണുണ്ടായതു്. ജപമാല പ്രാൎത്ഥന വഴിയായിട്ടുതന്നേ അത്ഭുതകരമാംവണ്ണം ആ മതവിദ്വേഷികളെ നിൎമ്മൂലമാക്കിയ കഥ ചരിത്രപ്രസിദ്ധമാണല്ലൊ. അന്നു മുതൽ സ്വൎഗ്ഗരാജ്ഞിയുടെ ഈ പരമായുധം തിരുസഭയ്ക്കും ക്രിസ്ത്യാനികൾക്കും ആപൽക്കാലങ്ങളിലേക്കു ഒരു സങ്കേതസ്ഥാനമായി പരിണമിച്ചു. അനവധി അത്ഭുതസംഭവങ്ങൾ ഇതുവഴിയായി നടന്നിട്ടുമുണ്ടു്. എന്നാൽ ൧൫൭൧ തുലാമാസം ഒന്നാം ഞായറാഴ്ച, അഞ്ചാംപീയൂസു മാൎപ്പാപ്പായുടെ കാലത്തു, ലെപ്പാന്റോ കടലിൽ വെച്ചു ക്രിസ്ത്യാനികൾക്കു തുൎക്കരുടെ മേൽ സിദ്ധിച്ച ജയം ഇതിലൊക്കെ സ്മരണീയമായിരിക്കുന്നു. ക്രിസ്തീയ നാവികസൈന്യാധിപനായിരുന്ന ഓസ്ത്രിയായിലേ ഡോൺ ജോൺ എന്ന ദേഹം അന്നേ ദിവസം മഹമ്മദീയ കപ്പൽക്കൂട്ടത്തെ തകൎത്തതു ജപമാലരാജ്ഞിയുടെ സഹായംകൊണ്ടു മാത്രമാണെന്നുള്ളതിനേപ്പററി പക്ഷാന്തരമില്ല. ഈ വിജയത്തിന്റെ നിത്യസ്മരണയ്ക്കായിട്ടാകുന്നു ഈ മാസത്തിൽ കൊന്തമാതാവിന്റെ തിരുനാൾ കൊണ്ടാടപ്പെടുന്നതു്.

ഒരേജപം തന്നേ പലതവണ ആവൎത്തിച്ചു ചൊല്ലുന്ന ഈദൃശമായ ഒരു ഭക്തി അറിവില്ലാത്ത ആളുകൾക്കു വേണ്ടിയുള്ള ഒരു സുകൃതാഭ്യാസമാണെന്നു ഗണിക്കുന്ന ചിലരേ ഇക്കാലത്തു കണ്ടേക്കാം. അറിവില്ലായ്മയുടേയും മതനിഷ്ഠയില്ലായ്മയുടേയും ഒരു വകഭേദമെന്നല്ലാതെ അതേപ്പററി ഒന്നും പറവാനില്ല. സ്വരപ്രാൎത്ഥനയും മനഃപ്രാൎത്ഥനയും ചേൎന്നുള്ള ഈ പ്രാൎത്ഥനാസമ്പ്രദായം അത്യുത്തമമായിട്ടുള്ളതാണെന്നു ആലോചിച്ചു നോക്കിയാൽ ആൎക്കും മനസ്സിലാകും. പ്രാൎത്ഥനകളിൽ അതിവിശിഷ്ടതരങ്ങളായ 'ആകാശങ്ങളിലിരിക്കു'ന്നതും 'നന്മനിറഞ്ഞ മറിയവും' നാവുകൊണ്ടു ഉച്ചരിക്കുന്നതോടുകൂടി, വിശ്വാസത്തിന്റെ പ്രധാന രഹസ്യങ്ങളിൽ ഓരോന്നിന്മേൽ മനസ്സുകൊണ്ടു ധ്യാനിക്കയത്രേ, ക്രമപ്രകാരം ജപമാല എ

ത്തിക്കയിൽ നാം ചെയ്യുന്നതു്. ഇതിനാൽ ഇക്കാര്യം സംബന്ധിച്ചു കാർഡിനൽ ബോൺ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ജപമാല ശരിയായി ചൊല്ലുന്നവനു വിശ്വാസസത്യങ്ങൾ അറിവില്ലാതെ വരാൻ പാടാകുന്നതല്ല. ആകയാൽ പരിശുദ്ധാരൂപിയുടെ പ്രത്യേക നേതൃത്വത്തിൻകീഴല്ലാതെ ജപമാല ഭക്തി തിരുസഭയിൽ പ്രചരിച്ചുവെന്നു വിചാരിപ്പാൻപോലും വഴികാണുന്നില്ല. വിശ്വാസത്തിന്റെ സമസ്തരഹസ്യങ്ങളേയും അടക്കിക്കൊണ്ടു, വാചാപ്രാർത്ഥനയേയും, മാനസിക പ്രാർത്ഥനയേയും ഈ വിധത്തിൽ അത്ഭുതപൂർവ്വമാംവണ്ണം ഒന്നിപ്പിക്കുന്നതിനെപ്പററി മനുഷ്യബോധം ആലോചിക്കപോലും ചെയ്യുന്നതല്ലായിരുന്നു." തിരുസഭയ്ക്കും രാജ്യങ്ങൾക്കും നേരിട്ടുവരുന്ന വിപത്തുകളെ നിർമ്മൂലമാക്കുന്നതിലേക്കു തക്ക ഒരു സിദ്ധൌഷധമാണു ജപമാലപ്രാർത്ഥന എന്നാകുന്നു പരിശുദ്ധ പിതാവു ൧൩-ാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്നതു്.

തിരുസഭയുടെ ദണ്ഡവിമോചന ഭണ്ഡാരം, ജപമാലയുടെ വിഷയത്തിൽ ധാരാളമായി തുറന്നാണിട്ടിരിക്കുന്നതു്. ക്രൊസിയർ ദണ്ഡവിമോചനങ്ങൾ എന്നു പറയപ്പെടുന്ന ഒന്നു ഇതിൽ പ്രത്യേകം സ്മരണീയമായിരിക്കുന്നു. ഇതിനുള്ള ആശീർവ്വാദം കുരിശിന്റെ സഭക്കാരായ നിട്ടക്കാരാണു ആരംഭത്തിൽ കൊടുത്തുവന്നിരുന്നതു്. ഇതിനാൽ മുൻകാലങ്ങളിൽ ഇപ്രകാരമുള്ള ജപമാലകൾ വിദേശങ്ങളിൽ നിന്നു തന്നേ ആശീർവ്വദിച്ചു വരുത്തേണ്ടിയിരുന്നു. ഇപ്പോഴാകട്ടെ ഇതിനുള്ള അധികാരം ഏതൊരു പട്ടക്കാരനും എളുപ്പത്തിൽ പ്രാപിക്കാവുന്നതാണു്. അതിനാൽ ഒരു ആകാശങ്ങളിലിരിക്കുന്നതോ നന്മനിറഞ്ഞ മറിയമോ ചൊല്ലുമ്പോഴൊക്കയും അഞ്ഞൂറു ദിവസത്തെ ദണ്ഡവിമോചനം ലഭിപ്പാൻ പാടുള്ളതായ ഈ ഏക ആശീർവ്വാദമുണ്ടായിരുന്നാൽ തന്നെ, ഒരു അമ്പത്തുമൂന്നുമണിജപം എത്തിച്ചാൽ എഴുപത്തഞ്ചു സംവത്സരത്തേ ദണ്ഡവിമോചനത്തിലധികം പ്രാപിപ്പാൻ പാടുണ്ടു്. ഇതിനും പുറമേ, വി. ഡൊമ്മിനീക്കോസിന്റേതു്, വി. ബ്രിജീത്താ പുണ്യവതിയുടേതു്, ശ്ലീഹാക്കൂട്ടത്തതു്, എന്നു മൂന്നു വിശേഷ ആശീർവ്വാദങ്ങൾകൂടെ ജപമാലകൾക്കു കൊടുത്തുവരുന്നതും, ഇവയിൽ പലതും ഒരേസമയത്തുതന്നേ പ്രാപിപ്പാൻ പാടുള്ള ദണ്ഡവിമോചനങ്ങളോടുകൂടിയവയുമാകുന്നു. ഇതു കൂടാതെ, തുലാമാസത്തിൽ അമ്പത്തുമൂന്നുമണിക്കൊന്ത ജപിക്കുന്നവർക്കു ദിവസമൊന്നുക്കു ൭ വൎഷത്തേയും ൭ മണ്ഡലത്തേയും ദണ്ഡവിമോചനവും നിശ്ചയിച്ചിട്ടുണ്ടു്. ഇപ്രകാരം പൂർണ്ണവും, അപൂർണ്ണവുമായ അസംഖ്യം ദണ്ഡവിമോചനങ്ങൾക്കും പുറമേ ജപമാലസഖ്യക്കാർക്കു വി. ഡൊമ്മിനീക്കോസിന്റെ സഭക്കാരായ നിരവധി സന്യാസികളുടേയും കന്യകകളുടേയും പുണ്യകൃത്യങ്ങളിൽ ഓഹരിയും ലഭിക്കുന്നതാണു്.

നമ്മുടെ നാട്ടിൽ, ദൈവസഹായത്താൽ ജപമാലഭക്തി ക്രിസ്തീയ കുടുംബങ്ങളുടെ ഒരു ജീവനായിട്ടാണിപ്പോളിരിക്കുന്നതു്. പരിഷ്കാരഭ്രമത്താൽ അതിനു ഹാനി ഭവിക്കാതെ സൂക്ഷിച്ചുകൊണ്ടാൽ മാത്രം മതിയായിരിക്കുന്നു. കുരിശുമണി കൊട്ടിക്കഴിഞ്ഞാൽ ആത്മികമായ ഈ അത്താഴം ആദ്യംതന്നേ കഴിക്കാത്തതായ വീടുകൾ ഒന്നുംതന്നെ ഉണ്ടാകാതിരിപ്പാൻ ജപമാലരാജ്ഞി സഹായിക്കട്ടെ. "ദോഷക്കാരായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും തമ്പുരാനോടു അപേക്ഷിച്ചുകൊള്ളണമേ!" എന്നു പ്രതിദിനം ഇത്രയേറെ പ്രാവശ്യം ചൊല്ലിക്കൊണ്ടുവന്ന എന്നെ എന്റെ ഈ അന്ത്യനേരത്തു ആ അമ്മ ഉപേക്ഷിക്കുമോ എന്നു സധൈര്യം വാദിച്ചുകൊണ്ടു ഭാഗ്യമരണം പ്രാപിച്ച ആ വൃദ്ധ എവിടെയുള്ളവളായിരുന്നാലും സാക്ഷാൽ ഭാഗ്യവതിതന്നെ. സംശയമില്ല. അത്തരം മാതാമഹികൾ കുറേക്കൂടെയുണ്ടായിരുന്നെങ്കിൽ ഹാ! നമ്മുടെ കത്തോലിക്കാ കുടുംബങ്ങളുടെ സ്ഥിതി എത്രയ്ക്കു വ്യത്യാസപ്പെട്ടുവന്നേനേ!

ഫാദർ സൈമൺ സി. ഡി.

## കാവൽ മാലാഖാ.

(തിരുനാൾ തുലാം ൨-ാംനു)

("Daily Daily Sing to Mary" എന്ന മട്ടു്)

എന്നെക്കാക്കും ദൈവദൂതാ!
നിന്നെയോൎത്തു സന്തതം
ജീവിച്ചീടാനുള്ളഭാഗ്യം
പ്രാപിച്ചുതന്നീടണേ! 1.

ഉത്ഭവിച്ച നാൾതുടങ്ങീ-
ട്ടെത്രമാത്രം നന്മകൾ
നീയെനിക്കു വാങ്ങിനൾകി
കൂറെഴുന്ന സ്നേഹിതാ! 2.

ലോകമായ മേഘമെന്നെ
മൂടിടാതെ നീ സദാ
മോക്ഷദീപം തെളിയിച്ചു
രക്ഷിച്ചാലും പാലകാ! 3.

അലറുന്ന സിംഹംപോലെ
പാഞ്ഞുകേറും ശത്രുവിൻ
വായിൽ വീഴാതെപ്പോഴും നീ
കാത്തുകൊൾക നായകാ! 4.

ഭക്തിവിശ്വാസത്തോടൊത്ത
സ്നേഹത്തോടേ നിന്നെ ഞാൻ
നിത്യവും വണങ്ങിവാഴാ-
നെത്രന്യായം വല്ലഭാ! 5.

ക്ഷണനേരം പിരിയാതെ
മരണത്തിൻനാൾവരേ
കരുണാപൂൎവ്വകമെന്നെ
തുണക്കേണം രക്ഷകാ! 6.

എപ്പോഴേക്കും വിശേഷിച്ചെ-
ന്നന്ത്യനേരത്തേക്കുമേ
വേണ്ടതൊക്കെ പഠിപ്പിച്ചു
തഴക്കുക ദേശിക! 7.

നിത്യമോക്ഷ പിതാവിന്റെ
പരമാനന്ദവീട്ടിൽ
ഒത്തുചേൎന്നു ചിരകാലം
വാഴണം നാം സോദരാ! 8.

ബാവാപുത്രൻ, വിശുദ്ധാത്മാ-
വെന്ന ത്രിത്വത്തിന്നു നാം
എന്നന്നേക്കും സ്തോത്രഗീതം
പാടിക്കൊണ്ടു വാണിടാം. 9.

## കേരളവും ക്രിസ്തുമതാരംഭവും.

കേരളത്തിലെ ക്രിസ്തീയ സമുദായം വളരെ പുരാതനമായ ഒന്നാണെന്നുള്ളതിലേക്ക് അനേകം ലക്ഷ്യങ്ങൾ ചരിത്രത്തിൽ കാണുന്നുണ്ടു്. പക്ഷെ ഇതിന്റെ ആരംഭകൎത്താവ് ആരാണെന്നുള്ളതു് ഏതൽപ്രശ്നം വാദവിഷയമായിട്ടാണിരിക്കുന്നതെന്നു ചരിത്രപഠിതാക്കളോടു പറഞ്ഞറിയിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സാക്ഷാൽ ലോകരക്ഷനാഥന്റെ ശിഷ്യസത്തമനായ വിശുദ്ധ തോമ്മാ ദക്ഷിണഭാരതത്തിൽ കാലെടുത്തു വയ്ക്കുകയാകട്ടെ, അവിടെ വേദപ്രസംഗം ചെയ്യുകയാകട്ടെ ഉണ്ടായിട്ടില്ലെന്നു മൎക്കടമുഷ്ടിപിടിക്കുന്ന ബാസ്നേജ്, ലക്രോസ്, ഹഫ്, കെയി, റേയ് മുതലായ പ്രോട്ടസ്റ്റൻറു മിഷ്യനറിമാരുടെ സാഹസബുദ്ധിയെപ്പററി വിസ്മയിക്കുകയല്ലാതെ ഗത്യന്തരമില്ല. ഇന്ത്യാചരിത്രകൎത്താവായ വിൻസെൻറുസ്മിത്തു്, കൊച്ചിസ്റ്റേററുമാന്വൽ കൎത്താവായ അച്യുതമേനോൻ അവൎകൾ മുതലായവർ കേരളീയ സഭയുടെ അപ്പസ്തോലികോത്ഭവത്തിന് ചരിത്രരേഖകൾ കാണുന്നതുവരെ വിശ്വസിക്കാൻ നിവൃത്തിയില്ലെന്നു പറയുന്നു. ഈ വാദം കേവലം സാഹസബുദ്ധിയുടെ ഫലമല്ലെന്നും ചരിത്രനിരൂപണതത്വങ്ങളുടെ മേലുള്ള പ്രബലമായ ആശ്രയത്തിന്റെ ഫലമാണെന്നും തോന്നിപ്പോകാവുന്നതാണ്. ക്രിസ്ത്വാബ്ദം ൫൨-ാമാണ്ടിടക്കു തോമ്മാശ്ലീ

ഹാ ഭാരതഭൂമിയിൽ വന്നുവെന്നും കേരളത്തിൽ ക്രിസ്തീയ വിശ്വാസബീജങ്ങൾ വിതരണം ചെയ്തുവെന്നും തെളിവായി അക്കാലത്തു ആരുംതന്നെ എഴുതിയിട്ടുള്ളതായി ഇന്നു നാം അറിയുന്നില്ലെന്നുള്ളതു വാസ്തവംതന്നെയാണ്. എങ്കിലും പാശ്ചാത്യവും പൌരസ്ത്യവുമായ ചരിത്രരേഖകളേയും ലക്ഷ്യങ്ങളേയും നിർമ്മത്സരബുദ്ധ്യാ പരിശോധിക്കുന്നപക്ഷം, വിശുദ്ധ തോമ്മാ പ്രസ്തുത കാലഘട്ടത്തിൽ ഭാരതഭൂമിയിൽ എത്തി സുവിശേഷോപദേശം ചെയ്തിട്ടുള്ളതായി മനസ്സിലാകുന്നതാണെന്ന് ഡാക്ടർ മെഡ്ലിക്കോട്ടു, അസ്സേമാൻ, റോളിൻ മുതലായ പാശ്ചാത്യ ചരിത്രകാരന്മാർ കൂടി സമ്മതിച്ചു പറയുന്നുണ്ടു.

ക്രിസ്ത്വാബ്ദാരംഭത്തിലും അതിനു മുമ്പിലും ഇന്ത്യയും പാശ്ചാത്യരാജ്യങ്ങളും തമ്മിൽ ഇടപാടുണ്ടായിരുന്നുവെന്നും, അതിനാൽ വിശുദ്ധ തോമ്മായുടെ പ്രേഷകയാത്ര ഒട്ടുംതന്നെ അസാദ്ധ്യമല്ലായിരുന്നുവെന്നും, വിശുദ്ധൻ തന്റെ ഗുരുശാസനയനുസരിച്ചു പൌരസ്ത്യദേശങ്ങളിലേക്കു അയക്കപ്പെട്ടിരുന്നുവെന്നും, ഗുരുഭക്തനായ അദ്ദേഹത്തിനു തന്നാൽ കഴിവുള്ള സ്ഥലങ്ങളിലൊക്കയും ക്രിസ്തുമതമുപദേശിക്കുന്നതിനു മനസ്സുണ്ടായിരുന്നുവെന്നും, സ്ഥിരബുദ്ധിയുള്ള ചരിത്രകാരന്മാരൊക്കയും സമ്മതിക്കുന്നതാണ്. ആ സ്ഥിതിക്കു തന്റെ സജാതീയന്മാരായ യൂദജനങ്ങളുടെ ഒരു സങ്കേതസ്ഥാനംകൂടി ആയിരുന്ന, അറേബ്യൻസമുദ്രതീരത്തു വിശുദ്ധ തോമ്മാ വന്നിരിക്കാൻ വളരെ എളുപ്പമുണ്ടെന്നു ആക്കും വേഗത്തിൽ ഊഹിക്കാവുന്നതാണ്. പക്ഷേ മതിയായ രേഖകളെ അടിസ്ഥാനമാക്കാതെയുള്ള ഊഹം ചരിത്രമാകുന്നതല്ലല്ലോ. "തോമ്മാശ്ലീഹായുടെ നടവടി" എന്ന അതിപ്രാചീനഗ്രന്ഥത്തിലും, നാലാംനൂററാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ അപ്രേം എന്ന സിറിയൻ വേദശാസ്ത്രജ്ഞന്റെ കൃതികളിലും, പാശ്ചാത്യപൌരസ്ത്യ സഭകളുടെ വിശുദ്ധന്മാരുടെ വിവരണപ്പട്ടികകളിലും വിശുദ്ധ ശ്ലീഹാ ഇന്ത്യയുടെ പ്രേഷകനായിട്ടാണ് ഗണിക്കപ്പെടുന്നതു. ൬-ാംനൂററാണ്ടിൽ ടൂർസ് നഗരത്തിൽ ജീവിച്ചിരുന്ന ഗ്രിഗോരി എന്ന വിശുദ്ധൻ, ൯-ാംനൂററാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ആൽഫ്രഡ് എന്ന മഹാരാജാവ്, പതിമ്മൂന്നു പതിന്നാലു പതിനഞ്ച് എന്നീ നൂററാണ്ടുകളിൽ ഇന്ത്യയെ സന്ദർശിച്ച ജോൺ മൌൻറു കോർവിനോ, മാർക്കോ പോളോ, ബിഷപ്പു മരിഞ്ഞോളി എന്നീ മഹാന്മാരും സാക്ഷിക്കുന്നതു, ഇന്ത്യൻസഭ അപ്പസ്തോല സ്ഥാപിതമാണെന്നു മാത്രമല്ല, പ്രസ്തുത ശ്ലീഹായുടെ പ്രേതമഞ്ചം ഇവിടെതന്നെ നിക്ഷിപ്തമായിരിക്കുന്നുവെന്നു കൂടിയാണ്.

ഏതാദൃശങ്ങളായ വിദേശലക്ഷ്യങ്ങൾ ഉണ്ടായിരുന്നിട്ടും ചില ചരിത്രകർത്താക്കന്മാർ കേരളീയസഭയുടെ അപ്പസ്തോലികോത്ഭവത്തെക്കുറിച്ചു സംശയിക്കുന്നതിന്റെ കാരണത്തെപ്പററി പലക്കും പലേ ദുരൂഹങ്ങളുമുണ്ടാകാനിടയുണ്ടു. അതിനുള്ള പ്രധാനകാരണമായി അവർ പറയുന്നതു, ഇന്ത്യാനാമം പ്രാചീനകാലങ്ങളിൽ, അറേബ്യാ, അഫ്ഗാനിസ്ഥാനം, സാക്ഷാൽ ആധുനിക ഇന്ത്യാ ഈ പ്രദേശങ്ങളെ നിർദ്ദേശിക്കുന്നതിനു ഉപയോഗിച്ചു വന്നിരുന്നുവെന്നുള്ളതാണ്. പക്ഷേ അഫ്ഗാനിസ്ഥാനത്താകട്ടെ, അറേബ്യായിലാകട്ടെ, ഏതാദൃശമായ ഒരു പുരാതന "തോമ്മാനസ്രാണിസമൂഹ"മാകട്ടെ, ഏതൽസംബന്ധമായ ചരിത്രരേഖയാകട്ടെ, ഐതിഹ്യമാകട്ടെ കാണപ്പെടാത്ത സ്ഥിതിക്കു മേല്പറഞ്ഞ പ്രസ്താവങ്ങൾ സാക്ഷാൽ ഇന്ത്യയെ സംബന്ധിച്ചു മാത്രമാണെന്നും, പൌരാണികകാലം മുതൽക്കു ഏതാദൃശ ഐതിഹ്യാദിലക്ഷ്യങ്ങളുടെ ആസ്ഥാനമായ ദക്ഷിണഭാരതത്തിലെ ക്രിസ്തുമതം വിശുദ്ധന്റെ പരിശ്രമഫലമാണെന്നും ഉള്ളതു നിർമ്മത്സരബുദ്ധികളായ സകലക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണെന്നു ചുരുക്കമായി പ്രസ്താവിക്കാൻമാത്രമേ ഇവിടെ സൌകര്യമുള്ളു.

വിശുദ്ധ തോമ്മാശ്ലീഹാ ക്രിസ്ത്വാബ്ദം ൫൨-ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയതായിട്ടാണ് ചരിത്രലക്ഷ്യങ്ങളാലെയും പൂർവ്വികദേശവിവരണംകൊണ്ടും മനസ്സിലാക്കേണ്ടതു. അക്കാലത്തു ഭാരതഭൂമി പൊതുവെയും ദക്ഷിണഭാരതം പ്രത്യേകിച്ചും, ഇപ്പോഴത്തെ പരിഷ്കാരകേന്ദ്ര

ങ്ങളായ യൂറോപ്യൻ രാജ്യങ്ങളുടെ അന്നത്തെ സ്ഥിതിയെക്കാൾ വളരെ പരിഷ്കൃതമായ ഒരു സ്ഥിതിയെ പ്രാപിച്ചിരുന്നുവെന്നു ചരിത്രം തെളിയിക്കുന്നുണ്ട്. അന്നത്തെ ചേരരാജ്യത്തിൽ ഇന്നത്തെ കേരളത്തിനുപുറമേ കോയമ്പത്തൂർ, സേലം, നീലഗിരി, മൈസൂറിന്റെ ഒരംശം ഇത്രയും സ്ഥലങ്ങൾകൂടി ഉൾപ്പെട്ടിരുന്നു. ഇതുകൂടാതെ ചോളരാജ്യവും പാണ്ഡ്യരാജ്യവും അന്നു അഭിവൃദ്ധിയെ പ്രാപിച്ചിരുന്നു. അന്നു കേരളത്തിൽ പ്രചരിച്ചിരുന്ന ഭാഷ തമിഴതന്നെ ആയിരുന്നിരിക്കണം. കേരളത്തിലെ ആദിമനിവാസികളായിരുന്ന ചെറുമർ, കാടർ, വേടർ മുതലായ അപരിഷ്കൃത ജാതിക്കാർ അന്നു മിക്കവാറും മലംപ്രദേശങ്ങളിലായിരുന്നു നിവസിച്ചിരുന്നത്. തദനന്തരം കേരളത്തെ സ്വാധീനപ്പെടുത്തിയ നായന്മാരും ബ്രാഹ്മണരും ഫലഭൂയിഷ്ഠമായ സാനുപ്രദേശങ്ങളിലും കടൽകര സംബന്ധിച്ച താണ സ്ഥലങ്ങളിലും താമസിച്ചിരുന്നു. റോമാധിപന്മാരുടെ നിഷ്ഠുരശാസനത്തെ ഭയന്നും കേരളവാണിജ്യത്തെ ലാക്കാക്കിയും ഏതാനും യൂദജനങ്ങളും അക്കാലത്തു കൊടുങ്ങല്ലൂരിൽ താമസമുണ്ടായിരുന്നു.

വിശുദ്ധൻ കൊടുങ്ങല്ലൂർ വന്നിറങ്ങിയതിന്റെശേഷം തന്റെ ദിവ്യമായ ഉദ്യോഗം നിറവേററിയ വിധങ്ങളേപ്പററി കേരളീയ ക്രിസ്ത്യാനികളുടെ ഇടയിൽ ധാരാളം പരമ്പരാ വൃത്താന്തങ്ങളുണ്ട്. ഇവയെല്ലാം കണ്ണടച്ച് വിശ്വസിക്കയെന്നുവച്ചാൽ പക്ഷേ അത് ആധുനിക ചരിത്രനിരൂപണതത്വങ്ങൾക്കു വിരോധമായിപ്പോയേക്കും. ആയതിനാൽ ദേശീയ പാരമ്പര്യങ്ങളെ സ്ഥിരീകരിക്കുന്നതിനു പ്രാചീന ലിഖിതരേഖകൾ കാണുന്ന ഭാഗങ്ങളെ മാത്രമേ വിശ്വസനീയമായി ഗണിക്കാൻ നിവൃത്തിയുള്ളു. ആയതിലേക്കു പഴ്മാപൂങ്ങളായ രണ്ടു ദേശീയ ലിഖിതരേഖകളാണ് നമുക്കിപ്പോൾ കിട്ടിയിട്ടുള്ളത്. ഇതിൽ ആദ്യമായിട്ടുള്ളത് മൈലാപ്പൂരിൽ സ്ഥാപിതമായിരിക്കുന്നതും, ൧൬-ാംനൂററാണ്ടിൽ പോർട്ടുഗൽ രാജാവായിരുന്ന ജോൺ തൃതിയന്റെ ആജ്ഞാനുസരണം തോമ്മാശ്ലീഹായുടെ മരണസ്ഥലമെന്നു വിശ്വസിക്കപ്പെട്ടുവന്ന സ്ഥലത്തു ഒരു ദേവാലയം പണിയിക്കുന്നതിനായി മണ്ണു മാന്തിയപ്പോൾ ലഭിച്ചതും, ഇന്ത്യയിലെ പൂർവ്വഭാഷാക്ഷരങ്ങളിൽ പരിധിലേഖനങ്ങളോടുകൂടിയതുമായ ഒരു കുരിശും; മറേറതു നിരണത്തു ഒരു പ്രാചീനകുടുംബത്തിലെ ഗ്രന്ഥവരികളിൽനിന്നു സംഗ്രഹിച്ച് ആ കുടുംബത്തിലെ അംഗമായ ഒരു തോമ്മാറമ്പാൻ ൧൭-ാം നൂററാണ്ടിൽ എഴുതിയിട്ടുള്ള ഒരു പാട്ടും ആകുന്നു. ഈ രേഖകളിലും വിശുദ്ധ അപ്രേം മുതലായവരുടെ പ്രസ്താവനകളിലും സാധാരണമായിരിക്കുന്ന ഭാഗങ്ങളേയും ഏറെക്കുറെ വിശ്വാസയോഗ്യമായി ഗണിക്കാവുന്നതാണ്.

കിഴക്കൻതീരത്തിന്റെ അധിപതിയായ ചോഴപ്പെരുമാളിന്റെ ആളായ ഹാവാന്റെ കൂടിയാണ് വിശുദ്ധ തോമ്മാ ഇവിടെ വന്നിട്ടുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കൊടുങ്ങല്ലൂരിൽ ഏതാനും ദിനങ്ങൾ കഴിച്ചതിന്റെ ശേഷം അദ്ദേഹം മൈലാപ്പൂരിലേക്കു ചെന്നു അവിടെ നാലഞ്ചു മാസത്തോളം സുവിശേഷം പ്രസംഗിച്ചിട്ടു ചൈനായിലേക്കു പോയി. അവിടെനിന്നു മടങ്ങി വന്നതിന്റെശേഷം രാജാവിനു ഒരു അരമന പണിയിക്കുന്നതിലേക്കായി വിശുദ്ധ തോമ്മായെ അദ്ദേഹം കുറേ അധികം പണം ഏല്പിച്ചു. തൽസമയത്തു കേരളത്തിൽനിന്നു ആളു വന്നതനുസരിച്ചു താൻ അവിടേക്കു പോയി രാജകുടുംബത്തേയും ഏതാനും യൂദന്മാരടങ്ങിയ അനേകം ജനങ്ങളേയും മാനസാന്തരപ്പെടുത്തുകയും രാജാവിന്റെ മരുമകനായ കേപ്പായിക്കു ഗുരുപ്പട്ടം കൊടുക്കുകയും ചെയ്തു. അവിടെ ഒരു പള്ളി സ്ഥാപിച്ചതിന്റെശേഷം വിശുദ്ധ ശ്ലീഹാ കേപ്പായോടുകൂടി സുവിശേഷപ്രസംഗാർത്ഥം കൊല്ലത്തു ചെന്ന് അവിടെ ഒരു പള്ളി സ്ഥാപിച്ചു. അതു കഴിഞ്ഞിട്ട് അദ്ദേഹം കിഴക്കുവടക്കായി നടന്ന് 'തൃക്കപാലേശ്വരം' എന്ന സ്ഥലത്തെത്തി ഒരു കുരിശു സ്ഥാപിച്ചു. പക്ഷേ അവിടങ്ങളിലുണ്ടായിരുന്ന ബ്രാഹ്മണർ ഇക്കുരിശിനെ അവമാനിക്കയാൽ ശ്ലീഹാ പിന്നീടു അതിനെ അവിടെനിന്നും പിഴുതെടുത്തു നിരണത്തു

സ്ഥാപിച്ചു. അവിടെ വളരെ ആളുകളെ മനസ്സുതിരിച്ച് ഒരു പള്ളിയും സ്ഥാപിക്കയുണ്ടായി. തൃക്കപാലേശ്വരത്തുനിന്നും ശ്ലീഹാ പോയത് അന്നു ഒരു മലനഗരമായിരുന്നതും, ഇപ്പോൾ വന്യജന്തുക്കളുടെ കേളീരംഗമായിരിക്കുന്നതുമായ 'ചായൽ' എന്ന സ്ഥലത്തേക്കായിരുന്നു. അവിടെ ശ്ലീഹാ സ്ഥാപിച്ച പള്ളി ജീർണ്ണീഭവിച്ച് ഇന്നും റാന്നിക്കു സമീപം സ്ഥിതിചെയ്യുന്നു. ചായലിൽനിന്നു വടക്കു പടിഞ്ഞാറായി വിശുദ്ധ തോമ്മാ വീണ്ടും യാത്ര ചെയ്തു കോക്കമംഗലം എന്ന സ്ഥലത്തു ചെന്നുചേരുകയും അവിടെയും ക്രിസ്തുമാർഗ്ഗത്തെ അറിയിച്ച് ദേവാലയസ്ഥാപനം നിർവ്വഹിക്കുകയുമുണ്ടായി. പിന്നീടു കോട്ടക്കാവ് അഥവാ പറവൂരിലേക്കു ശ്ലീഹാ നടകൊണ്ടു. അവിടത്തെപ്പള്ളിയിൽ മനോഹരമായ ഒരു കുരിശു സ്ഥാപിച്ചുവെന്നും ആ കുരിശും ആ പള്ളിയും മൈസൂർ കടുവായായ ടിപ്പുവിൻെറ കാലത്തു അഗ്നിക്കിരയായിപ്പോയി എന്നും കാണുന്നു. ബ്രാഹ്മണരുടെ ഒരു പ്രധാന ആസ്ഥാനമായ പാലൂരിലേക്കാണ് ശ്ലീഹാ പിന്നീടു ഗമിച്ചത്. അവിടെയുള്ള ബ്രാഹ്മണർ ഭൂരിപക്ഷവും ക്രിസ്തുമതം സ്വീകരിച്ചതുമൂലം ബ്രാഹ്മണരിൽ ശേഷിച്ചവർ അവിടംവിട്ടു പോകുകയുണ്ടായി എന്നുമാത്രമല്ല, ആധുനികകാലംവരെ യഥാസ്ഥിതികന്മാരായ നമ്പൂരിമാർ പാലൂരിൽവച്ചു സ്നാനം ചെയ്കയാകട്ടെ പാനാശനങ്ങൾ നിർവ്വഹിക്കുകയാകട്ടെ ചെയ്കയില്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ഇപ്രകാരം കേരളത്തിലെ പ്രാചീനങ്ങളെന്നു പ്രസിദ്ധങ്ങളായ ഏഴു ദേവാലയങ്ങളേയും സ്ഥാപിച്ചശേഷം വിശുദ്ധൻ ചോഴപ്പെരുമാളിൻെറ ആജ്ഞയനുസരിച്ച് പൂർവ്വതീരത്തേക്കു ചെല്ലുകയും, രാജാവ് തന്നോടു അരമന എവിടെ എന്നു ചോദിക്കുകയും ചെയ്തു. സാധുക്കളായ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ശ്ലീഹാ പണം മുഴുവൻ ചെലവു ചെയ്തതല്ലാതെ അരമനപണി തുടങ്ങിയിട്ടേ ഇല്ലായിരുന്നു. ഏതൻമൂലം രാജകല്പനപ്രകാരം വിശുദ്ധ തോമ്മാ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. ഈ സമയത്തു രാജസഹോദരൻ ഒരു ഭയങ്കരവ്യാധി പിടിപെട്ട് മരിക്കുകയും മൃതസ്ഥിതിയിൽ തൻെറ മനോദൃഷ്ടികൊണ്ടു അതിരമ്യമായ ഒരു രാജഹർമ്മ്യം സ്വർഗ്ഗത്തിൽ കാണുകയും ചെയ്കയുണ്ടായി. തദനന്തരം മരിച്ചയാൾ അത്ഭുതകരമാംവണ്ണം ജീവിക്കുകയും, ഈ വാർത്തകളെല്ലാം രാജാവിനെ അറിവിച്ചപ്പോൾ വിശുദ്ധ തോമ്മാ തടവിൽനിന്നു മോചിക്കപ്പെടുകയും ചെയ്കയാൽ ചോഴമണ്ഡലതീരത്തു ക്രിസ്തുമതം കാട്ടുതീ പോലെ പടർന്നുപിടിക്കുകയും രാജസഹോദരൻ പൌലോസ് എന്ന പേരിൽ മെത്രാനായി വാഴിക്കപ്പെടുകയും ചെയ്തു.

പിന്നീടു വിശുദ്ധ ശ്ലീഹാ തൻെറ കേരളസന്താനങ്ങളെ ഒന്നുകൂടി സന്ദർശിക്കുന്നതിനായി വരികയുണ്ടായി. മലയാറ്റൂർ വഴി തെക്കോട്ടു വന്ന് തൻെറ അനന്തരഗാമിയായി കേപ്പായെ എല്ലാവരും സ്വീകരിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്ത് വിശുദ്ധ മത്തായിയുടെ ഒരു സുവിശേഷഗ്രന്ഥവും കൊടുത്തശേഷം തൻെറ വാത്സല്യമക്കളുടെ അശ്രുധാരാമദ്ധ്യേ, പൂർവ്വതീരത്തിലേക്കു പോയി. താൻ മൈലാപ്പൂർ ചിന്നമലയുടെ സമീപത്തുകൂടി സഞ്ചരിക്കുമ്പോൾ കാളീസേവയ്ക്കായിപ്പോയിരുന്ന ഏതാനും ബ്രാഹ്മണർ അദ്ദേഹത്തെ ഒരു ശൂലംകൊണ്ടു കുത്തി അർദ്ധപ്രാണനാക്കി ഇട്ടുകൊണ്ടു ഓടിക്കളഞ്ഞു. തൻെറ മരണരംഗമായ ആ കുററിക്കാട്ടിൽ സ്ഥിതി ചെയ്തിരുന്ന ഒരു കൽക്കുരിശിനെ തൻെറ മാറോടു ചേർത്തു തഴുകുകയും അതു ശ്ലീഹായുടെ ദിവ്യരക്തത്താൽ ലേപനം ചെയ്യപ്പെടുകയും ചെയ്തു. പ്രസ്തുതകുരിശാണ് ഇന്നും മൈലാപ്പൂരിലിരിക്കുന്നതെന്നും ൧൭-ാംനൂററാണ്ടുവരെ ആ കുരിശിൽ പരസ്യമായി രക്തസ്വേദകങ്ങൾ കാണുക പതിവായിരുന്നുവെന്നും അതു സന്ദർശിച്ചിട്ടുള്ള വിശ്വാസ്യന്മാരായ ആളുകൾ സാക്ഷ്യം വഹിക്കുന്നുണ്ട്. അന്നു കർണ്ണാടകരാജ്യത്തിൽ ജീവിച്ചിരുന്ന ചില വിദ്വാൻ ബ്രാഹ്മണരെക്കൊണ്ട് നിഷ്കൃഷ്ടയായി പോർട്ടുഗീസുകാർ ആ കുരിശിലെ പരിധിലേഖനം ൧൬-ാംനൂററാണ്ടിൽ വായിപ്പിച്ചതിൽ നിന്നും ഈ അഭിപ്രായംതന്നെ തെളിയുന്നു

ണ്ട്. വിശുദ്ധ ശ്ലീഹായുടെ പ്രേതമഞ്ചത്തിൽ പൂർവ്വികകാലം മുതൽക്ക വളരെ അത്ഭുതങ്ങൾ സംഭവിച്ചിരുന്നുവെന്നു ആദിമകാലങ്ങൾ തുടങ്ങി ഇന്ത്യാസന്ദർശനം നടത്തിയിട്ടുള്ള സഞ്ചാരികളും മിഷ്യനറിമാരും ഒരുപോലെ സാക്ഷ്യം വഹിക്കുന്നു.

കെ. ഈ. ജോബു ബി. ഏ.

# കൊന്തയുടെ സന്തോഷരഹസ്യങ്ങൾ.

(അത്ഭുതംകേൾ അത്ഭുതംകേൾ— എന്ന മട്ട്)

ധ്യാനിക്കാമീസന്തോഷത്തിന്റെ രഹസ്യം— ദൈവ
ദാനമപേക്ഷിക്കാമുള്ളിൽ കൊള്ളുവാനതു.

1. കന്നിയമ്മയോടുവന്ന ഗെബ്റിയേൽ ദൂതൻ— രക്ഷാ
മംഗലവാർത്ത ചൊല്ലുന്ന നസ്രസിങ്കൽ. ധ്യാനിക്കാ...
2. ഗർഭിണിയാമേലിശബായെ ചെന്നുകണ്ടു— ദിവ്യ
ഭാഗ്യപൂർണ്ണയാകിടുന്ന ദൈവമാതാ. ധ്യാനിക്കാ ..
3. പാതിരാത്രി ബേത്ത്ലഹമ്മിൽ പുൽത്തൊഴുത്തിൽ— ലോക
രക്ഷനാഥനുണ്ണിയായി ജാതനാകുന്നു. ധ്യാനിക്കാ...
4. ദീർഘദർശിയാം ശെമോന്റെ കൈകളാലെ— ശിശു
നിത്യപിതാവിന്നു കാഴ്ചവയ്ക്കപ്പെടുന്നു. ധ്യാനിക്കാ...
5. ദ്വാദശവയസ്സിലീശോ ദേവാലയേ— സ്വന്ത
പ്രേമജനവീടുവിട്ടു വാണിടുന്നു. ധ്യാനിക്കാ...

# കച്ചവടക്കാർക്കായിട്ടുള്ള ഒരു നീതിദർപ്പണം.

പതിനഞ്ചാം ശതാബ്ദത്തിലെ പ്രസിദ്ധ പ്രാസംഗികരിൽ ഒരുവനായ സീയെന്നായിലെ വി. ബെർണ്ണർദീനോസ് കച്ചവടക്കാർക്കായി നൽകിയിരിക്കുന്ന ചില സാരമായ സദുപദേശങ്ങളത്രേ ചുവടേ ചേർക്കുന്നതു്.

൧. കച്ചവടക്കാരനായ നീ നിന്റെ കച്ചവട സംബന്ധമായ ഏർപ്പാടുകളിൽ വ്യാജം പറയാതെയും ആണയിടാതെയുമിരിക്ക. കള്ളസത്യത്തെ നീ മുഴുവനായി വെറുത്തു ദ്വേഷിക്ക. ചതിവോ, ഇരട്ടാർത്ഥപദങ്ങളോ, ദുസ്സൂക്ഷ്മവാക്കുകളോ ഉപയോഗിക്കാതിരിക്ക. നിന്റെ വചനം പരമാർത്ഥമുള്ളതായിരിക്കട്ടെ. നിന്റെ വായിൽനിന്നു സത്യംമാത്രം സദാ പുറപ്പെടട്ടെ.

൨. യാതൊരുവനേയും യാതൊരു ഏർപ്പാടിലും ചതിക്കാതിരിക്ക. നിന്റെ ചരക്കുകളുടെ അററകുററങ്ങളേയും ഏറെക്കുറവുകളേയും മനഃപ്പൂർവ്വം മറയ്ക്കാതിരിക്ക. കൊടുക്കവാങ്ങലിൽ ചരക്കുകളിൽ വ്യാജക്കൂട്ടു ചേർക്കാതിരിക്ക. നീതിയായ തൂക്കങ്ങളും ന്യായമായ അളവുകളും മാത്രം നീ ഉപയോഗപ്പെടുത്തുക.

൩. വില കുറേ സമയം കഴിഞ്ഞിട്ടു മാത്രമേ കിട്ടുകയുള്ളു എന്ന ന്യായത്തോടെ ക്രമാതീതമായി വില കൂട്ടിക്കൊടുക്കാതിരിക്ക. കൊടുക്കുമ്പോൾ സാമാന്യനിരക്കിൽ അധികം കവിഞ്ഞ വിലയ്ക്കും, വാങ്ങുമ്പോൾ സാമാന്യനിരക്കിൽ തുലോം കുറഞ്ഞ വിലയ്ക്കും കൊടുക്കവാങ്ങൽ ചെയ്യാതിരിക്ക.

൪. സ്വന്തചരക്കുകൾ ധാരാളമായി ചെലവാകണമെന്ന ഉദ്ദേശത്തോടെ

പരസ്പരസ്നേഹത്തിന്നു വിരോധമായി മറ്റു കച്ചവടക്കാരുടെ ചരക്കുകളെ തുലോം നിന്ദിച്ചോ താഴ്ത്തിയോ പറയാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്ക.

൫. നിൻെറ വാഗ്ദാനങ്ങളെ ശരിയായി കാത്തനുസരിക്കയും തീൎക്കേണ്ടവകളെ നിശ്ചിതാവധിയിൽ തീൎക്കയും ചെയ്യു. നിൻെറ സഖികളോട്ട് ഒരിക്കലും വിശ്വാസ ലംഘനം കാണിക്കരുത്. നീ ചെയ്തിട്ടുള്ള വാഗ്ദാനങ്ങളെയും ഉടമ്പടികളേയും വിശ്വസ്തതയോടും ശരിവരയും നിറവേററുക.

൬. നിൻെറ വാക്കിന്മേൽ ഉറച്ചുകൊണ്ട് സാമാനങ്ങളുടെ തരവും വിലയും ബന്ധിച്ച് നിന്നിൽ വിശ്വസിച്ചിരിക്കുന്നവർ തട്ടിക്കപ്പെട്ടു അഥവാ ചതിക്കപ്പെട്ടുവെന്നു വരാതിരിപ്പാൻ നീ പ്രത്യേകം സൂക്ഷിക്ക.

൭. കൊടുക്കവാങ്ങലിൽ നാണയങ്ങളിൽ ചതിവും ദുഷ്പ്രയോഗവും വരുത്താതിരിക്ക. പണം സൂക്ഷ്മമായി എണ്ണിത്തിട്ടപ്പെടുത്തുകയും കണക്കുകൾ ശരിയായി കുറിക്കുകയും ചെയ്യു.

൮. ആണ്ടിൽ പല തവണയും, സമൎത്ഥനും ദൈവ ഭക്തനുമായ ഒരു പട്ടക്കാരനോടു (തക്കവണ്ണം ആത്മശോധന കഴിച്ച ശേഷം) നല്ല കുമ്പസാരം കഴിക്കയും, വി. കുർബാന ഉൾക്കൊള്ളുകയും ചെയ്യു.

൯. പാടുപോലെ കൂടെക്കൂടെ പള്ളിയിൽ പോകുവാനും, കുർബാന, വി. കുർബാനയുടെ ആശീൎവ്വാദം ആദിയായ സൽകൃത്യങ്ങൾക്കു കൂടുവാനും, എന്നാൽ ഏറ്റവും മുഖ്യമായി ദൈവ വചനമായ പ്രസംഗത്തെ കേൾപ്പാനും ശ്രമിക്ക.

൧൦. ആണ്ടുതോറും ഒരു പ്രാവശ്യമെങ്കിലും കൂട്ടുകാരുമൊരുമിച്ചു വരവുചെലവു കണക്കുകളെയും, നിൻെറ അന്ത്യ മരണശാസനത്തേയും പരിശോധിക്ക. നിൻെറ മരണശാസനത്തെ മുറപ്രകാരം എഴുതി സദാ ശരിപ്പെടുത്തിവച്ചിരിക്ക.

ഇതാ! വ്യാപാരികൾക്കായിട്ട് വി. ബെൎന്നർദീനോസ് നൽകിയിരിക്കുന്ന നീതിയുടെ ദൎപ്പണം. കച്ചവടക്കാർ തങ്ങളുടെ ജീവിതത്തെ ഈ വിശിഷ്ട കണ്ണാടിയിൽ നോക്കിക്കൊണ്ടു ശരിപ്പെടുത്തുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ എത്രയോ നന്നായിരുന്നു. എന്തെന്നാൽ ഈ വിധം ശ്രമിക്കുന്ന പക്ഷം അവരുടെ വ്യാപാരം പലപ്പോഴും സംഭവിക്കാറുള്ളതുപോലെ അവൎക്ക് നിത്യനാശത്തിന്നു ഒരു ഹേതുവായി തീരുകയില്ലായിരുന്നു; മാത്രമല്ല, അതു നാട്ടിന്നും വീട്ടിന്നും തങ്ങൾക്കു തന്നെയും ഗുണപ്രദവും, സ്വൎഗ്ഗീയാശീൎവ്വാദങ്ങളുടെ ഒരു ഉറവും ആയിത്തീരുകയും ചെയ്യുമായിരുന്നു. എന്നാൽ, ഈ വിധം ചെയ്യാതെ ഇക്കാലങ്ങളിൽ നാം സാധാരണ കണ്ടുവരുംപോലെ നുണയും, വഞ്ചനയും, കൌശലവും പ്രയോഗിച്ചുകൊണ്ടു വ്യാപാരം നടത്തുന്നതിനാലത്രെ പ്രസ്തുത ജോലി അനേകൎക്കു ചിലപ്പോൾ ദ്രവ്യനഷ്ടത്തിന്നും, എന്നാൽ പലപ്പോഴും ആത്മനാശത്തിന്നും കാരണമായി ഭവിക്കുന്നത്. കച്ചവടം എന്നതു സ്വഭാവത്താലെ യാതൊരു തെററും കുററവുമുള്ള ഒരു ജോലി അല്ലതന്നെ; എങ്കിലും ആയതു ആത്മത്തിന്നു അനേക നാശങ്ങൾ വരുത്തുവാൻ എളുപ്പമുള്ള ഒന്നാണെന്നതിനു രണ്ടു പക്ഷമില്ല. ഇതിനാലത്രെ മഹാനായ വി. ആഗുസ്തീനോസ് "Lucrum in arca damnum in conscientia" 'പെട്ടിയിൽ ലാഭം' മനസ്സാക്ഷിയിൽ മഹാനാശം' എന്നു കച്ചവടത്തെ സംബന്ധിച്ചു അഭിപ്രായപ്പെട്ടിരിക്കുന്നത്. ആകയാൽ ലൌകികലാഭം നേടുവാനും കടശി നിത്യരക്ഷ പ്രാപിപ്പാനും ആഗ്രഹമുള്ള സകല കച്ചവടക്കാരും പ്രസ്തുത വി. ബെൎന്നർദീനോസിൻെറ സുകൃതോപദേശങ്ങളടങ്ങിയ നീതി ദൎപ്പണത്തെ നോക്കി വ്യാപരിപ്പാൻ ശ്രമിക്കട്ടെ.

ഫാദർ ഗ്രിഗോരി സി. ഡി.

---

ഉപവാസം, ദാനധൎമ്മം, പ്രാൎത്ഥന എന്ന മൂന്നാകുന്നു മനുഷ്യൻ ഈ ലോകത്തിൽ അനുഷ്ഠിക്കേണ്ട പ്രധാന സൽകൃത്യങ്ങൾ. എന്നാൽ നിൻെറ പ്രാൎത്ഥന ദൈവത്തിൻപക്കലേക്കു പറന്നു കയറണമെന്നു നീ ആഗ്രഹിക്കുന്നുവോ? രണ്ടു ചിറകുകൾ അതിന്നു നീ വച്ചുകെട്ടുക. അതായത്, ഉപവാസവും ദാനധൎമ്മവും.

"മാർ ആഗസ്തീനോസ്."

# ഞങ്ങളുടെ വരിക്കാരോടു്.

'കമ്മെലകുസുമം'പോലുള്ള ഒരു മാസികാഗ്രന്ഥത്തിന്റെ ആവശ്യം ഇക്കാലസ്ഥിതിക്കു നമ്മുടെ കത്തോലിക്കാ കുടുംബങ്ങൾക്കു് എത്ര ഒഴിച്ചുകൂടാത്തതായിട്ടാണിരിക്കുന്നതെന്നു ആരേയും പറഞ്ഞറിയിക്കണമെന്നു തോന്നുന്നില്ല. ഈ തത്വം നമ്മുടെ ആളുകൾ ഏറെക്കുറെ അറിഞ്ഞുതുടങ്ങിയിട്ടുണ്ടെന്നു കാണുന്നതു് ആശ്വാസജനകം തന്നേ. ഇതിനാൽ ഭക്തിസ്ഫുടത്ത പുസ്തകങ്ങളുടേയും പത്രങ്ങളുടേയും വായനയിൽ പൂർവ്വാധികമായ ഒരഭിരുചിയും ഉണർച്ചയും ഉണ്ടായിട്ടുണ്ടു്. എങ്കിലും ഇതേ സംബന്ധിച്ചുള്ള ചില വിവരങ്ങൾ പൂർണ്ണമായി മനസ്സിലാക്കിയിട്ടില്ലാത്തതിനാൽ പല ബുദ്ധിമുട്ടുകൾക്കും ഇടയാകുന്നുണ്ടെന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു.

ആദ്യം തന്നേ ഈ ഉദ്ദേശങ്ങളായ പുസ്തകങ്ങൾ മാസികകൾ മുതലായവ പൂർവ്വകാലത്തിലേ മന്നാപോലെ ആകാശത്തിൽനിന്നു സ്വയമേവ വീഴുന്നവയല്ലെന്നു എല്ലാവരും നല്ലപോലെ ഓർക്കേണ്ടതാണു. പണച്ചെലവുകൊണ്ടു മാത്രമേ ഇവയെല്ലാം ഉണ്ടാകയുള്ളൂ. ഇക്കാലത്താകട്ടേ ആവശ്യകചെലവുകൾ നാനാഭാഗത്തുനിന്നും വർദ്ധിച്ചുമിരിക്കുന്നു. 'കുസുമ'ത്തിന്റെ സംഗതിതന്നേ ആലോചിക്കാം. മുമ്പുരണ്ടണ വിലക്കു വാങ്ങിച്ചിരുന്ന കടലാസു ഇപ്പോൾ ഒൻപതണക്കുപോലും കിട്ടുന്നില്ല. മററുചെലവുകളുമെല്ലാം ഈ തോതനുസരിച്ചു വർദ്ധിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. പല പത്രക്കാർക്കും ഇതോടേ വരിസംഖ്യ കൂട്ടുകയല്ലാതെ നിവൃത്തിയില്ലെന്നായി. എന്നാൽ ഭക്തിസംവർദ്ധകമായ ഈ ഏർപ്പാടു ആർക്കും അധികഭാരംകൂടാതെ എങ്ങനെയും നിർവ്വഹിച്ചുപോകണമെന്നുള്ള ആഗ്രഹത്താൽ, ആരംഭത്തിലേ ഒരു രൂപാനിരക്കിൽ നിന്നു ഒട്ടും കൂട്ടാതെതന്നേ ഞങ്ങൾ കഴിച്ചുകൂട്ടുകയാണുണ്ടായതു. എന്നുമാത്രമല്ല വലിപ്പത്തിൽ മുമ്പിലത്തേക്കാൾ വളരെ വർദ്ധനവുവരുത്തുകകൂടിച്ചെയ്തു. അസാമാന്യ ബുദ്ധിമുട്ടുകൂടാതെ ഈ നിലയിൽ 'കുസുമം' നടത്തിക്കൊണ്ടുപോകുന്നതിനു സാധിക്കുന്നതല്ലെന്നു ഈ വിഷയത്തിൽ അല്പമെങ്കിലും പരിചയമുള്ള ആർക്കും മനസ്സിലാകും. എന്നാൽ ഇത്രയുമെല്ലാം കഴിഞ്ഞിട്ടു, ഈ നിസ്സാര സംഖ്യയായ ഒരു രൂപായിക്കു ആവശ്യപ്പെടുമ്പോൾ, ചിലയാളുകൾ പ്രദർശിപ്പിക്കുന്ന അലസത വിചാരിച്ചാൽ, മേല്പറഞ്ഞ വിവരങ്ങളൊന്നും അശേഷവും അവർ ഗ്രഹിച്ചിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല. പണമില്ലാതെ നട്ടംതിരികയാൽ അത്യാവശ്യമായിട്ടു് ഒന്നും രണ്ടും എഴുത്തുകൾ എഴുതിയാലും ചിലപ്പോൾ യാതൊരു സമാധാനവും ഇല്ലതന്നേ. മുന്നറിവുകൊടുത്തശേഷം, കൂടുതൽ കഷ്ടനഷ്ടങ്ങൾ സഹിച്ചു വി. പി അയച്ചാലും മടക്കി അയച്ചുകളയുന്നതാണു് ഇതിലും കഷ്ടതരം. കാര്യവിവരമുള്ള ചില കൊള്ളാവുന്ന ആളുകൾപോലും ഇതിലൊക്കെ ഉൾപ്പെട്ടു കാണുമ്പോൾ വലിയ മനസ്താപം തോന്നിപ്പോകുന്നു. അഞ്ചൽക്കാരുടെ തകരാറും ഇതിൽ ധാരാളമായി ഉണ്ടാകാൻ പാടുണ്ടു്. ഏതായാലും വാട്ടംതട്ടുന്നതെല്ലാം 'കുസുമ'ത്തിനു തന്നെയാണെന്നും, ഭക്തിസ്ഫുടത്ത ഈ വിഷയത്തിൽ കാണിക്കുന്ന അശ്രദ്ധ തങ്ങൾക്കു ഒട്ടുംതന്നേ ശ്രേയസ്കരമല്ലെന്നും, ഇതിലേക്കു വ്യയം ചെയ്യുന്ന തുച്ഛമായ ഈ തുക ഒന്നുകൊണ്ടും ഒരു നഷ്ടമായി പരിഗണിക്കേണ്ടതല്ലെന്നും, നല്ലപോലെ ഓർത്തുകൊണ്ടു്, ഇപ്രകാരമുള്ള ഞങ്ങളുടെ വരിക്കാർ വരുത്തിയ നഷ്ടങ്ങളെല്ലാം തീർത്തു മേലാലെങ്കിലും കൂടുതൽ സ്നേഹത്തോടേ 'കുസുമ'ത്തേ സംരക്ഷിച്ചുപോരുമെന്നു ഞങ്ങൾ ശരണപ്പെടുന്നു. രണ്ടു മാസത്തിനകമെങ്കിലും ഈ വിധം ഞങ്ങളെ സഹായിപ്പാൻ ദയവുണ്ടാകാത്തവരായ വി. പി. മടങ്ങിയ കുടിശ്ശികക്കാരുടെ ഒരു ലിസ്റ്റ് അവരുടെ ഓർമ്മക്കായി ആണ്ടവസാനത്തോടേ പത്രത്തിൽ പ്രസിദ്ധം ചെയ്യണമെന്നു ഞങ്ങൾ ഉദ്ദേശിച്ചിട്ടുള്ള വിവരവും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഇതുകൂടാതെ ഒന്നാം തീയതിക്കു ത

ന്നേ മിക്കവാറും എല്ലാ സ്ഥലങ്ങളിലും ചെന്നെത്തത്തക്കവണ്ണം മാസിക ഇവിടെനിന്നയക്കുന്നുണ്ട്. അതിനാൽ മാസിക കിട്ടിയില്ലെന്നുള്ള പരാതികൾ അതതുമാസം പതിനഞ്ചാംതീയതിക്കു മുമ്പായി ഇവിടെ കിട്ടേണ്ടതാണ്. അതുകഴിഞ്ഞു വരുന്ന എഴുത്തുകൾക്ക് യാതൊരു മറുപടിയും കൊടുക്കുന്നതിനു സാധിക്കുന്നതല്ല. രണ്ടും മൂന്നും മാസം കഴിഞ്ഞിട്ടു, മൂന്നും നാലും മാസികകൾ കിട്ടാനുള്ളതായി എഴുതി അയച്ചാൽ എന്താണു പറയേണ്ടതു്! മേൽവിലാസമാററങ്ങൾ നേരത്തെ ഇവിടെ അറിയിക്കാത്തതിനാലും പല കുഴപ്പങ്ങൾ ഉണ്ടാകുന്നുണ്ട്. വരിക്കാരുടെ വകയായിട്ടുള്ള ചരമവാർത്തകൾ സംക്ഷേപമായിട്ടു പ്രതിഫലം കൂടാതെതന്നേ മേലാൽ മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കുസുമത്തിൻെറ പ്രചാരത്തിലേക്കു ഓരോ തരത്തിലുള്ള സഹായങ്ങൾ ചെയ്യുവരുന്ന ഞങ്ങളുടെ പല മാന്യവരിക്കാരുടേയും പേരുകൾ കൃതജ്ഞതാപൂർവ്വം ഞങ്ങൾ അനുസ്മരിക്കുന്നുണ്ട്. അങ്ങനെയുള്ളവർക്കായി മേലാൽ ചുരുങ്ങിയ വല്ല സംഭാവനകളും കൊടുക്കണമെന്നും ഞങ്ങൾ തീർച്ചപ്പെടുത്തിയിരിക്കയാണ്.

# സമ്മാനങ്ങൾ.

൧. ഒരു രൂപാ മുൻകൂറടയ്ക്കുന്ന പുതിയ വരിക്കാർക്കു, ഒരു കുടുംബപ്രതിഷ്ഠാസംഗ്രഹവും ഒരു ചെറിയ പടവും,

൨. കുടിശ്ശികകളെല്ലാം തീർത്തു ഒരാണ്ടത്തേ വരിപ്പണത്തോടുകൂടെ അപേക്ഷിക്കുന്ന പഴയ വരിക്കാർക്കു, ഒരു കുടുംബപ്രതിഷ്ഠാപടം,

൩. ഒരു കൊല്ലത്തേക്കു വേറൊരു വരിക്കാരൻെറ മാസികകൂടെ സ്വന്ത മേൽവിലാസത്തിൽ വാങ്ങിച്ചുകൊടുക്കുന്ന വരിക്കാരനു്, കത്തോലിക്കാ കുടുംബങ്ങൾക്കായി പെ. ബ. ചാവറ വലിയ പ്രിയോരച്ചൻ എഴുതിയ "ഒരു നല്ല അപ്പൻെറ ചാവരുൾ" എന്ന പുസ്തകം.

൪. ഒരു കൊല്ലത്തേക്കു, ഒരു പുതിയ വരിക്കാരനെ ചേർത്തു മേല്പറഞ്ഞ വിധത്തിൽ മാസിക വാങ്ങിക്കൊടുക്കുന്ന വരിക്കാരനു്, പ്രസിദ്ധ ചരിത്രകാരനായ വെരി റവ. ഫാദർ ബർനാർഡ് സി. ഡി. എഴുതിയ കൊച്ചുത്രേസ്യായുടെ ഒരു ചരിത്രം,

൫. ഒന്നിലധികം പഴയ വരിക്കാരുടെയോ, ഒന്നിലധികം പുതിയ വരിക്കാരേ ചേർത്തു അവരുടെയോ മാസികകൾ മേൽകാണിച്ചവണ്ണം ഏറവുവാങ്ങി കൊടുക്കുന്നവർക്കു കാശുരൂപങ്ങൾ, കടലാസുരൂപങ്ങൾ, പുസ്തകങ്ങൾ ആദിയായ സമ്മാനങ്ങൾ യഥായോഗ്യം അയച്ചുകൊടുക്കുന്നതാണ്.

൬. പത്തു പുതിയ വരിക്കാരേ ചേർത്തു സ്വന്ത പേരിൽ മാസിക വാങ്ങിക്കൊടുക്കുന്നവർക്കു അങ്ങനെ ചെയ്യുവരുന്ന കാലത്തോളം ഒരു മാസിക സൌജന്യമായി കൊടുക്കപ്പെടും,

൭. മേല്പറഞ്ഞവിധം പതിനഞ്ചു പഴയ വരിക്കാർക്കു കൊടുക്കുന്നവർക്കും ഒരു മാസിക സമ്മാനം,

൮. സമ്മാനങ്ങളെല്ലാം ഞങ്ങളുടെ ചെലവിന്മേൽ അയച്ചുകൊടുക്കുന്നതാണ്.

ഈമാസം ഒന്നാംതീയതി മുതൽ മാത്രം ഈ വ്യവസ്ഥകൾ നടപ്പിൽവരുന്നതും അതിനുമുമ്പു നടന്നുവരുന്ന യാതൊരു ഏർപ്പാടും ഇതുകൊണ്ടു തടസ്സപ്പെടുന്നതല്ലാത്തതും ആകുന്നു.

ഈവിധമുള്ള സഹായങ്ങളെല്ലാം പാടുപോലെ ചെയ്യുതന്നു, പ്രത്യേകിച്ചു ഈ ബുദ്ധിമുട്ടുകാലത്തു "കുസുമ"ത്തെ ഏവരും സഹായിക്കാതിരിക്കയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

# കൊച്ചുത്രേസ്യായും പരസ്നേഹവും.

(താമസിയാതെ പ്രസിദ്ധപ്പെടുത്തുവാനിരിക്കുന്ന "കൊച്ചുത്രേസ്യായുടെ പുഷ്പമഞ്ജരി" എന്ന പുസ്തകത്തിൽനിന്നും)

ഞാൻ പരസ്നേഹക്രിയകൾ ചെയ്യുമ്പോൾ ഈശോയത്രെ എന്നിൽ പ്രവർത്തിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. തന്നോടുകൂടെ എത്ര ഗാഢമായി ഞാൻ സംയോജിക്കുമൊ അത്രയും ഹാർദ്ദമായി എൻെറ സഹോദരങ്ങളെ ഞാൻ സ്നേഹിക്കും. ഇപ്രകാരം പരസ്നേഹത്തിൽ വർദ്ധിക്കുവാൻ ആഗ്രഹിക്കുമ്പോൾ സാത്താൻ യാതൊരുത്തൻെറ കുററങ്ങളെയോ കുറവുകളെയോ എൻെറ കൺമുമ്പാകെ കൊണ്ടുവരുന്നെങ്കിൽ തൽക്ഷണം അയാളുടെ സുകൃതങ്ങളെയും വിശുദ്ധയാഗ്രഹങ്ങളെയും ഞാൻ ഓർക്കുന്നു. അയാൾ ഒരിക്കൽ വീഴുന്നതു ഞാൻ കണ്ടിട്ടുണ്ടെങ്കിൽ, എളിമ നിമിത്തം മറച്ചു വച്ചിരിക്കുന്ന ഒരു ആയിരം ജയങ്ങളും പ്രാപിച്ചിട്ടുണ്ടായിരിക്കാം എന്നു ഞാൻ ചിന്തിക്കുന്നു. മാത്രമല്ല എനിക്കു അയാളിൽ അബദ്ധമായി തോന്നുന്നതുകൂടെയും ഒരുപക്ഷെ ശുദ്ധ നിയോഗം മൂലം സുകൃതമായി പരിണമിച്ചേക്കാം.

യഥാർത്ഥമായ പരസ്നേഹം അന്യൻെറ ഏറക്കുറവുകളെ നാം സഹിക്കയും, അവൻെറ വീഴ്ചകളിൽ നാം അക്ഷമന്മാരാകാതിരിക്കയും, അവൻെറ സുകൃതങ്ങളെ കണ്ടു പുണ്യജീവിതത്തിൽ നമുക്കു പ്രോത്സാഹം സിദ്ധിക്കുകയും ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്നു. ഉപവി ഹൃദയത്തിൻെറ ആഴത്തിൽ മറഞ്ഞുകിടപ്പുണ്ടു എന്നു പറഞ്ഞാൽ പോരാ. എന്തുകൊണ്ടെന്നാൽ ഒരുത്തനും വിളക്കു കത്തിച്ചു പറയുടെ കീഴ വെക്കുന്നില്ല; പിന്നയൊ വീട്ടിലുള്ളവർക്കു വെട്ടം കൊടുക്കുന്നതിന്നായി വിളക്കു പീഠത്തിന്മേലത്രെ സ്ഥാപിക്കുന്നതു എന്നു ദിവ്യരക്ഷിതാവു അരുളിച്ചെയ്യുന്നു. എൻെറ വാത്സല്യ മിത്രങ്ങളെ മാത്രമല്ല മഠത്തിലുള്ള എല്ലാവരെയും പ്രകാശിപ്പിക്കയും സന്തോഷിപ്പിക്കയും ചെയ്യേണ്ടുന്ന പരസ്നേഹദീപത്തെയത്രെ പ്രസ്തുത വിളക്കു രൂപീകരിക്കുന്നതെന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു.

ഏതു ശില്പശാസ്ത്രിയും അവൻെറ കൈവേലയെ കാണികൾ കണ്ടു സ്തുതിക്കുന്നതിന്നാഗ്രഹിക്കുന്നു. ഇതുപോലെതന്നെ ദിവ്യശില്പിയും തൻെറ വാസസ്ഥലമായി താൻ തെരഞ്ഞെടുത്തിരിക്കുന്ന ഹൃദയത്തിലെ ആദ്ധ്യാത്മിക സൌന്ദര്യത്തെ അന്യർ കണ്ടു്, അതിൽ പ്രശോഭിക്കുന്ന ദൈവ മഹത്വത്തേയും കൃപത്തേയും സ്തുതിപ്പാൻ ആഗ്രഹിക്കുന്നു.

സ്വഭാവത്താലെ എനിക്കു് ഇഷ്ടം തോന്നാത്ത സഹോദരികളുടെ സഖ്യതയെ ഞാൻ അത്യന്തം പാലിക്കും. അവരുടെ നേരെ സുവിശേഷത്തിലെ "നല്ല ശമറായക്കാരൻെറ" ജോലിയാണു നിർവ്വഹിക്കേണ്ടതു്. ഒരു വാക്കൊ, പുഞ്ചിരിയൊ, ദുഃഖിതയായ ഒരാത്മത്തെ പലപ്പോഴും സന്തോഷിപ്പിക്കുന്നതിനു മതിയാകും. സ്വഭാവപക്ഷങ്ങളും ആകാംക്ഷകളും പരിത്യജിച്ചു് ദൈവപ്രസാദം മാത്രം അന്വേഷിച്ചു ജീവിക്കുന്ന ആൾ അനുഭവിക്കുന്ന ഭാഗ്യം ഒന്നുവേറെയാണു്.

എന്നോടു സഹായം ആവശ്യപ്പെടുന്ന ആളുകൾക്കു മാത്രം അതു ചെയ്തുകൊടുത്താൽ പോരാ. അവരുടെ ആഗ്രഹങ്ങളെ അറിയിക്കുന്നതിനു മുമ്പായി നിവർത്തിച്ചുകൊടുക്കയും അങ്ങിനെ ചെയ്യുന്നതു നമുക്കു സന്തോഷാവഹവും അഭിമാനകരവുമാണെന്നു പ്രദർശിപ്പിക്കയും ചെയ്യണം. നാം ഉപയോഗിക്കുന്ന വസ്തുക്കൾ തന്നെ എടുത്തുകൊണ്ടുപോകുന്നതാ

---

പരിശുദ്ധ കന്യകമറിയത്തിൻെറ നേരെ സ്ഥിരമായ ഒരു ഭക്തിയുണ്ടാകുന്നതുവരെ ഞാൻ അടങ്ങുന്നതല്ല. ദൈവജനനിയുടെയും പരിശുദ്ധ കുർബാനയുടേയും നേർക്കുള്ള ഭക്തി തിരുസഭയിലെ പുണ്യവാൻമാരുടെ ഒരു പ്രത്യേക ഭക്തിയായിരിക്കുന്നു.

വി. യോഹന്നാൻ ബെർക്കുമാൻസ്,

യാൽ, അവറ്റുടെ ദാസ്യത്തിൽ നിന്നു വിമോചിക്കപ്പെട്ടാലെന്നപോലെയുള്ള തൃപ്തി നാം കാണിക്കയും വേണം.

ചോദിക്കുന്നവക്കൊക്കെയും കൊടുക്കുക. ചോദിക്കുന്നവക്കൊക്കെയും കൊടുക്കുന്നതു പ്രയാസമാണെങ്കിൽ ചോദിക്കാതെ എടുത്തുകൊണ്ടുപോകുവാൻ സമ്മതിക്കുന്നതും തിരികെ ചോദിക്കാതിരിക്കുന്നതും അധികം പ്രയാസമുള്ളതാണെന്നു തോന്നുന്നതേയുള്ളു. എന്തെന്നാൽ കർത്താവിന്റെ നുകം ഇമ്പമുള്ളതും ലഘുവായതുമാണ്. അതു നന്മനസ്സോടെ സ്വീകരിച്ചാൽ തൽക്ഷണം അതിന്റെ മാധുര്യവും അനുഭവിപ്പാനിടയാകും.

പരസ്നേഹം ഹൃദയത്തിൽ ആഴമായി വേരുന്നുമ്പോൾ ബാഹ്യപ്രവൃത്തികളിൽക്കൂടെ അതു ദൃശ്യമാകും. പരോപകാരാർത്ഥം നമുക്കു സാധിച്ചുകൊടുപ്പാൻ വഹിയാത്ത സംഗതികളെ, നാം നിഷേധിക്കുന്ന വിധംകൊണ്ടുതന്നെ അവ നിവർത്തിച്ചാലെന്നപോലെ തൃപ്തികരമാക്കിത്തീർക്കുവാൻ ചിലപ്പോൾ പാടുണ്ട്.

നമ്മുടെ സഹോദരങ്ങൾ യഥാർത്ഥത്തിൽ തെറ്റുകൾ ചെയ്തിരുന്നാൽക്കൂടെയും അതു അവരെക്കൊണ്ടു സമ്മതിപ്പിക്കുവാനായി ശാഠ്യം പിടിക്കുന്നതു വിഹിതമല്ല. അവരുടെ കാര്യം നമ്മെ ഭരമേല്പിച്ചിട്ടില്ലല്ലൊ. നാം സമാധാനത്തിന്റെ ന്യായാധിപന്മാരല്ല പിന്നെയോ ദൂതന്മാരുമാത്രമാണ്.

ഒരു ദരിദ്രനെന്നപോലെ ഈശോ നമ്മിൽ നിന്നു ധർമ്മം മേടിപ്പാൻ അഗ്രഹിക്കുന്നു. ഹൃദയത്തോടുകൂടെ കൊടുക്കുന്ന ദാനമല്ലാതെ അവിടുന്നു ഒന്നും സ്വീകരിക്കയില്ല. ഈ മധുരമുള്ള കർത്താവു ഒരല്പസ്നേഹം നമ്മിൽ നിന്നു കൈക്കൊള്ളുന്നതിനായി കൈനീട്ടുന്നു. വിധിയുടെ ദിവസത്തിൽ "എന്റെ പിതാവിനാൽ ആശീർവ്വദിക്കപ്പെട്ടവരേ! വരുവിൻ; എന്തെന്നാൽ ഞാൻ വിശന്നിരുന്നു. നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു; ഞാൻ ദാഹിച്ചിരുന്നു. നിങ്ങൾ എനിക്കു കുടിപ്പാൻ തന്നു; ഞാൻ വിദേശീയനായിരുന്നു നിങ്ങൾ എന്നെ കൈക്കൊണ്ടു; രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു; ഞാൻ കാരാഗൃഹത്തിൽ കിടന്നു, നിങ്ങൾ എന്റെ പക്കൽ വന്നു" എന്നു നമ്മോടു പറയ്വാൻ വേണ്ടിയത്രേ ഇപ്പോൾ ഇങ്ങനെ ചെയ്യുന്നതു.

ഞാൻ ഇനിയും ജീവിപ്പാനിടയായാൽ എനിക്കു ഏറ്റവും സന്തോഷം വരുത്തുന്ന ജോലി രോഗികളുടെ പരിചരണമായിരിക്കും. ഞാൻ അതു ചോദിച്ചു മേടിക്കയില്ല. എന്നാൽ കീഴ്‌വഴക്കം എന്നെ ഭരമേല്പിക്കുന്നതായാൽ ഞാൻ അതു ഒരു ഭാഗ്യമായി കരുതും. ഹാ! "ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു" എന്നുള്ള ദിവ്യരക്ഷകന്റെ വചനങ്ങളെ സദാ ഓർത്തു അതിന്റെ കടമകളെ ഞാൻ എത്രയോ സൂക്ഷ്മമായി നിർവ്വഹിക്കുമായിരുന്നു! രോഗശാലയിലെ മണി നമുക്കു സ്വർഗ്ഗീയഗാനമായിരിക്കണം. ദീനക്കാർക്കു നമ്മെ വിളിപ്പാൻ എളുപ്പമുണ്ടാകുന്നതിനുവേണ്ടി അവരുടെ അരികെക്കൂടി കടന്നുപോകുവാൻ ശ്രമിക്കണം. എല്ലാവർക്കും നിന്നോടു ആജ്ഞാപിക്കുന്നതിനു അർഹതയുള്ള ഒരു ചെറിയ അടിമയായി നിന്നെ കരുതിക്കൊള്ളുക. പോർക്കളത്തിൽ നിന്നു ചെയ്യുന്ന യുദ്ധം നോക്കിനിൽക്കുന്ന ആകാശത്തിലെ മാലാഖാമാരെ നിനക്കു കാണ്മാൻ കഴിയുമെങ്കിൽ എത്രയോ ഭാഗ്യമായിരുന്നു! നിന്നെ പുഷ്പമാലകൾകൊണ്ടും മുടികൾകൊണ്ടും അലങ്കരിക്കുന്നതിന്നായി അവർ സമരത്തിന്റെ അവസാനം നോക്കിക്കൊണ്ടു നിൽക്കുന്നു. അപ്രസിദ്ധമായ ഈ പോരാട്ടത്തെ ദൈവം കഥവെയ്ക്കാതിരിക്കുന്നില്ല. അതു പരനേത്രങ്ങൾക്കു അഗോചരമായിരിക്കയാൽ അവിടുത്തേക്കു അത്രയും അധികം പ്രസാദജനകവും ശ്രേഷ്ഠതയേറിയതുമായിത്തീരുന്നതേയുള്ളു. "ക്ഷമയുള്ളവൻ ശക്തിമാനേക്കാളും സ്വന്ത ആത്മാവിനെ ഭരിക്കുന്നവൻ പട്ടണങ്ങളെ കീഴടക്കുന്നവനെക്കാളും സ്തുത്യനാകുന്നു" മറവിൽ നാം ചെയ്യുന്ന പരസ്നേഹത്തിന്റെ നിസ്സാരകൃത്യങ്ങൾ വഴിയായി ദൂരദേശങ്ങളിൽ അജ്ഞാനികളെ മാനസാന്തരപ്പെടുത്തുകയും പ്രേഷിതാത്മാക്കളെ സഹായിക്കയും അവർക്കു ധാരാളം ധർമ്മസഹായങ്ങളെ ലഭിച്ചുകൊടുക്കയും ആണു നാം ചെയ്യുന്നത്.

ഫാദർ ജോൺ സി. ഡി.

## കർമ്മേലനാഥയുടെ കുഞ്ഞുമക്കൾക്ക്.

### തുലാമാസം., വി. അമ്മ ത്രേസ്യാ.

പ്രിയ കുഞ്ഞുങ്ങളെ!

ഒഴിച്ചു വിടാൻ കഴിയാഞ്ഞ ചില പ്രതിബന്ധങ്ങൾ നിമിത്തം, നിങ്ങളുടെ കാൎയ്യം അന്വേഷിക്കുന്നതിൽ കുറെ അമാന്തം വന്നുപോയി. നിങ്ങളിൽ പലരും എന്നെപ്പററി തിരക്കം തുടങ്ങിയിരിക്കുന്നു വെന്നുകൂടി കേട്ടപ്പോൾ സാമാന്യമല്ലാത്ത വല്ലായ്മയും എനിക്കു തോന്നി. ഏതായാലും ഇപ്പോളിതാ ഞാൻ വന്നിരിക്കുന്നു. ദൈവസഹായത്താലും നിങ്ങളുടെ അപേക്ഷകളാലും ഇനിമേലിൽ ഇപ്രകാരമുള്ള വിഘ്നങ്ങൾ ഉണ്ടാകയില്ലെന്നു ശരണപ്പെടുകതന്നെ.

തുലാമാസം പതിനഞ്ചാം തീയതി തിരുസഭയിൽ ഘോഷിക്കപ്പെടുന്നതു ഒരു മഹാ വലിയ പുണ്യവതിയുടെ തിരുനാളാണ്. ഒരു നാന്നൂറു കൊല്ലങ്ങൾക്കു മുമ്പു സ്പെയിൻ രാജ്യത്തിൽ ആവിലാ എന്നൊരു പട്ടണത്തിൽ നിങ്ങളെപ്പോലെ ഒരു കുട്ടിയായിട്ട് ഈ പുണ്യവതി ജീവിച്ചിരുന്നു. അനന്തരം അവിടെയുണ്ടായിരുന്ന ഒരു കന്യകാമഠത്തിൽ ചേൎന്ന്, അറുപത്തേഴ വയസ്സുവരെ അവിടെ ജീവിച്ച ശേഷം മരിച്ചു. മരിച്ചു ഏറെനാൾ കഴിയുന്നതിനു മുമ്പുതന്നെ പുണ്യവതിയെന്നു പേരു വിളിക്കപ്പെടുകയും ചെയ്തു. കൎമ്മലീത്താ സഭക്കാരെല്ലാവരും അമ്മത്രേസ്യാ എന്നു വിളിച്ചുവരുന്ന ആ കീൎത്തിപെട്ട പുണ്യവതിയുടെ ചരിത്രസംക്ഷേപമാണിതു്. എന്നാൽ കുമ്പസാരക്കാരന്റെ കല്പനപ്രകാരം ആ പുണ്യവതിതന്നെ എഴുതിയിട്ടുള്ള സ്വന്ത ജീവചരിത്രമൊന്നു വായിച്ചു നോക്കിയാൽ ആരും ആശ്ചൎയ്യപ്പെട്ടുപോകും. അത്ര മഹാ വലിയ പുണ്യദൃഷ്ടാന്തങ്ങളാൽ ഈ ഭാഗ്യവതിയുടെ ചരിത്രം പൂൎണ്ണമായിരിക്കുന്നു.




എല്ലാത്തരക്കാൎക്കും കണ്ടുപഠിക്കത്തക്കതായ അനവധി കാൎയ്യങ്ങൾ ഈ പുണ്യവതിയെ സംബന്ധിച്ചു പറവാനുണ്ട്. എങ്കിലും നിങ്ങൾ ഈ മാസത്തിൽ ഈ അമ്മയെ നിങ്ങളുടെ മദ്ധ്യസ്ഥയായി വണങ്ങി കണ്ടുപഠിക്കേണ്ടതിനായി ഒരു സംഗതിയെപ്പററി മാത്രമേ ഞാൻ പറയുന്നുള്ളു.

"ആവൃത്തുപാത്തി, ആവൃത്തുമോരി" "പാടുപെടുക അല്ലെങ്കിൽ മരിക്ക" എന്നിതായിരുന്നു ഈ ധീരവതിയുടെ മുദ്രാവാചകം. അതായതു ഈ ലോകത്തിൽ ഞാൻ ജീവിക്കണമൊ, എന്നാൽ പാടുപെടുന്നതിനു വല്ലതും ഉണ്ടായിരിക്കണം; അതില്ലെങ്കിൽ ജീവിച്ചിട്ടു കാൎയ്യമില്ല, മരിച്ചാൽ മതി. ഇതെന്തൊരു ഭ്രാന്താണെന്നു ഒരുപക്ഷേ നിങ്ങൾക്കു തോന്നിയേക്കാം. എന്നാൽ ഇതാണു പുണ്യപ്പെട്ടവരുടെവഴി; എന്നല്ല ഇതാണു സാക്ഷാൽ ക്രിസ്ത്യാനിയുടെ വഴി— അതായതു് കുരിശിന്റെ വഴി. നമ്മുടെ ദിവ്യ രക്ഷനാഥൻ എന്താണ് അരുളിച്ചെയ്തിരിക്കുന്നതു്? "എന്റെ പുറകെ വരുവാൻ മനസ്സാകുന്നവൻ, തന്നെത്തന്നെപരിത്യജിച്ചു, തന്റെ കുരിശിനെ എടുത്തുകൊണ്ടു് എന്നെ അനുഗമിക്കട്ടെ" ഇതാണുകല്പന. ആകയാൽ മ്ശിഹായെ പിഞ്ചെല്ലുവാൻ മനസ്സുണ്ടോ? കുരിശിന്റെ വഴിയെതന്നെ പോകണം. ക്രിസ്ത്യാനിയാകാൻ മനസ്സുണ്ടോ? കുരിശിന്റെ വഴിയേതന്നെ നടക്കണം. എത്രയ്ക്കു വലിയ കുരിശുകൾ വഹിക്കുമൊ, അത്രയ്ക്കും നല്ല ക്രിസ്ത്യാനിയായിരിക്കും. എത്ര അധികം പാടുകൾ സഹിക്കുമൊ, അത്രയധികം പുണ്യത്തിൽ വൎദ്ധിക്കും. വി. അമ്മ ത്രേസ്യാ തന്റെ ജീവിതകാലം മുഴുവൻ ഇപ്രകാരം മഹാ വലിയ

പാടുകളെ ക്ഷമയോടേ സഹിച്ചു. അതിനാലിതാ മഹാ വലിയ പുണ്യവതിയായിരിക്കുന്നു.

ഒരിക്കൽ നമ്മുടെ പുണ്യവതി മറ്റു കന്യാസ്ത്രീകളോടുകൂടെ തൊലേദൊ എന്ന പട്ടണത്തിലുള്ള ഒരു ദേവാലയത്തിൽ മുട്ടുകുത്തി കുർബ്ബാന കണ്ടുകൊണ്ടു നില്ക്കയിൽ അടുത്തുനിന്നിരുന്ന ഒരു പ്രഭുസ്ത്രീയുടെ ഒരു ചെരിപ്പ് എങ്ങിനെയൊ കാണാതെ പോയി. അവൾ അതന്വേഷിച്ചിട്ടു കാണായ്കയാൽ കോപിച്ചു, ഭാഗ്യപ്പെട്ടവൾ അതു എടുത്തിട്ടുണ്ടെന്നുതന്നെ തീർച്ചപ്പെടുത്തി. ശേഷിച്ച ചെരിപ്പു കൈയിലെടുത്തു പുണ്യവതിയുടെ തലയിൽ കഠിനമായി അടിച്ചു തുടങ്ങി. അമ്മ ത്രേസ്യായൊ അതൊന്നും അറിയാത്തതുപോലെയുള്ള മുഖത്തെളിവോടുകൂടെ നിന്നു കുർബ്ബാന കണ്ടിരുന്നു. പുറത്തു വന്നപ്പോൾ തന്റെ മക്കളായ കന്യാസ്ത്രീകളോടു പറഞ്ഞതു ഇങ്ങനെയാണ്. "തമ്പുരാൻ ആ സ്ത്രീക്കു മനോഗുണം ചെയ്യട്ടെ; പക്ഷെ എന്റെ തലയ്ക്കു ആ സഹായംകൊണ്ടു അപ്പോൾ അത്ര ആവശ്യമില്ലായിരുന്നു." മനുഷ്യരിൽ നിന്നും പിശാചിൽ നിന്നും ഈ അമ്മ ഇപ്രകാരം അനുഭവിച്ചിട്ടുള്ള കഷ്ടാനുഭവങ്ങളിൽ ഒന്നെടുത്തു പറഞ്ഞുവെന്നേയുള്ളു. ഈ വിധത്തിൽ അനവധി പറവാനുണ്ട്. കേട്ടാൽ വിശ്വാസം തോന്നുകയില്ല. അമ്മ ത്രേസ്യായുടെ അപേക്ഷയിൽ പങ്കു കിട്ടണമെങ്കിൽ അവളെ വല്ല വിധത്തിലും ഉപദ്രവിച്ചാൽ എളുപ്പത്തിൽ സാധിക്കും എന്ന് അക്കാലത്തു ജീവിച്ചിരുന്ന ചില പുണ്യാത്മാക്കൾ പറഞ്ഞിരുന്നു. ആത്മാവിലെങ്കിലും ശരീരത്തിലെങ്കിലും വല്ലതും സഹിപ്പാൻ എപ്പോഴും കർത്താവു കൊടുത്തിരുന്നു. ഇല്ലാതെ വരുമ്പോൾ കർത്താവിനോട് അപേക്ഷിച്ചു വാങ്ങിച്ചിരുന്നു. ഇതുകളെല്ലാം ദൈവസ്നേഹത്തെക്കുറിച്ച് ഇങ്ങനെ സഹിക്കുന്നതിന്നു പുണ്യവതി ഉപയോഗിച്ചിരുന്ന ഒരു ചെറിയ മരുന്ന് തന്റെ പ്രാർത്ഥനപ്പുസ്തകത്തിന്റെ ഒന്നാമത്തെ പക്ഷത്തിൽ താഴെവരുന്ന അർത്ഥത്തിൽ കുറിച്ചിട്ടുണ്ട്.

ഒന്നിനാലുമിളകീടവേണ്ട നീ-
യൊന്നിനാലുമൊരു പേടി വേണ്ടിഹ
മന്നിലാകവെ കടന്നുപോയിടും
നിന്നിടുന്നതൊരു ദൈവമേ വരൂ. 1.

ആർക്കു നല്ല ക്ഷമയുണ്ടു,വന്നെന്താ-
ണോർക്കിലിങ്ങു കഴിയാത്തൊരു കാര്യം?
ആർക്കു താങ്ങു സകലേശ്വരനുണ്ടോ
പാർക്കിലെന്തവനു വേണ്ടതുപിന്നെ? 2.

കുട്ടികളായ നിങ്ങൾ ഇതെല്ലാം കേട്ടു പേടിച്ചുപോകരുത്. ഇതൊന്നും ഞങ്ങളെക്കൊണ്ടു സാധിക്കുന്നതല്ലെന്നുതന്നെ ചിലർ ഇപ്പോൾ തീർച്ചപ്പെടുത്തിയിട്ടുണ്ടായിരിക്കും. പേടിക്കണ്ടാ. 'ക്ഷമയാൽ സാദ്ധ്യമൊക്കെയും'. ഇപ്പോൾ അമ്മ ത്രേസ്യായുടെ കുരിശുപോലെയുള്ള വലിയ കുരിശുകൾ കർത്താവു നിങ്ങൾക്കു തരുന്നതല്ല. ഇപ്പോൾ ചെറിയ ചെറിയ കുരിശുകൾ വന്നുചേരും. അതു എവിടെയായാലും വന്നുകൂടുകയും ചെയ്യും. മാതാപിതാക്കന്മാരിൽനിന്നും, ഗുരുനാഥന്മാരിൽ നിന്നും, സ്നേഹിതന്മാരിൽനിന്നും, തങ്ങളിൽനിന്നുതന്നെയും ഓരോ വിഷമതകൾ, പിടുത്തക്കേടുകൾ, ശാസനകൾ, വല്ലായ്കകൾ നേരിടും. അപ്പോഴാണ് കുട്ടിയുടെ പുണ്യം കാണേണ്ടതു്. അതുകളെ സഹിച്ചു പഠിക്കണം. ഇന്നു ഒരു ജയം ഇങ്ങനെ പ്രാപിച്ചാൽ നാളെ രണ്ടുജയം പ്രാപിപ്പാനുള്ള ശക്തിയും ധൈര്യവുമുണ്ടാകും. അങ്ങനെ ക്രമേണ ഏതു വിംബിഷ്ടം നേരിട്ടാലും പുല്ലോളം വകവയ്ക്കാത്ത നല്ല ധീരമതികളായി തീരുകയും ചെയ്യും. ചെറുപ്പത്തിൽ ഈവിധമുള്ള അഭ്യാസം സിദ്ധിച്ചിട്ടുള്ള കുട്ടികൾ പിന്നീടു വലിയവലിയ കാര്യങ്ങളെ നിർവ്വഹിക്കുന്നതിന്നു പ്രാപ്തരായിത്തീരും. അതല്ലാതെ ഒരല്പ ബുദ്ധിമുട്ടു കാണുമ്പോൾ പേടിച്ചോടുന്ന ഭീരുക്കൾ "ചോററുക്കു ചേതവും, ഭൂമിക്കു ഭാരവും" എന്നുള്ള വിധത്തിലായി തീരുന്നതല്ലാതെ പറയത്തക്ക യാതൊരു ഗുണവും അവരെക്കൊണ്ടുണ്ടാകുന്നതല്ല.

ആകയാൽ അവസരം കിട്ടുന്നതുപോലെ ഈ മാസം മുഴുവനും ഇക്കാര്യത്തിൽ നിങ്ങൾ അഭ്യസിക്കണം. അമ്മ ത്രേസ്യായോടു ദിവസേന ഇതിന്നുവേണ്ടി പ്രാർത്ഥിക്കണം. ഇതു കാവൽമാലാഖാമാരുടെ മാസമാണ്. അവരും ഈ സംഗതിയിൽ

പ്രത്യേകം സഹായിപ്പാൻ അപേക്ഷിക്കാതിരിക്കരുത്. ഇനി പിന്നെ കണ്ടു കൊള്ളാം.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# കത്തോലിക്കർ അറിഞ്ഞിരിക്കേണ്ട ഒരു സംഗതി.

തിരുവിതാംകൂറിലെ ജനസംഖ്യ (സെൻസസ്) എടുക്കുന്നതിനുള്ള സമയം സമീപിച്ചിരിക്കയാണല്ലൊ. ഓരോ സമുദായത്തിന്റെയും വിലയും നിലയും ഗ്രഹിക്കുന്നതിനു വളരെ സഹായിക്കുന്ന ഒന്നാണ് പ്രസ്തുത കണക്ക്. ആകയാൽ, ഓരോ സമുദായവും അതതിന്റെ വർണ്ണത്തിൽത്തന്നെ പിന്താരിക്കപ്പെടുന്നതിനു കാലേക്കൂട്ടി കരുതേണ്ടതു് സമുദായനേതാക്കന്മാരുടെ ചുമതലയാണ്. ഇപ്പോൾ മൌനം ദീക്ഷിച്ചാൽ പിന്നീടു പശ്ചാത്തപിക്കേണ്ടി വരുമെന്നു അടുത്തുകഴിഞ്ഞ ഒരു സംഭവത്തിൽനിന്നു പഠിക്കാം. കഴിഞ്ഞകൊല്ലം, നിയമനിർമ്മാണ സഭാസാമാജികന്മാരെ തെരഞ്ഞെടുക്കുന്നതിനു തയാറാക്കപ്പെട്ട അർഹതയുള്ള വോട്ടറന്മാരുടെ ലിസ്റ്റിൽ അവകാശമുണ്ടായിരുന്നിട്ടും പേരു കയറിയിട്ടില്ലാത്ത എത്രയോ യോഗ്യന്മാർ ഇനിയും ഉണ്ടെന്നു അക്കാലത്തുതന്നെ മിക്കവാറും ജ്ഞാതമായിട്ടുള്ളതാണല്ലോ. അന്നു അതുകൊണ്ടു പരാജയം നമുക്കു സിദ്ധിച്ചില്ലെന്നുള്ളതിൽ, അഭിമാനിക്കുന്നതിനു വളരെയൊന്നുമില്ല. ധനസ്ഥിതിയേയും ജനപ്പെരുപ്പത്തേയും കണക്കാക്കുന്നതായാൽ, വമ്പിച്ച ഒന്നാണ് കത്തോലിക്കാസമുദായം. എന്നാൽ ഇതരസമുദായങ്ങൾ, അറിഞ്ഞോ അറിയാതയോ, നമുക്കു നൽകിയിട്ടുള്ള വിവിധ സംജ്ഞകൾ നിമിത്തം സമുദായത്തിനു സാക്ഷാലുള്ളടത്തോളം വലിപ്പം സെൻസസ് ലിസ്റ്റിൽ കണ്ടില്ലെന്നു വന്നേക്കാം. ഒരു വ്യക്തിയെ തിരിച്ചറിയണമെന്നാണല്ലോ പ്രത്യേകനാമത്തിന്റെ ഉദ്ദേശ്യം. എന്നാൽ ഒരാളിന്റെ തന്നെ പല പേരുകളുണ്ടായിരുന്നാൽ, ഉദ്ദിഷ്ടഫലം കിട്ടാൻ പ്രയാസം. ഒരു സമുദായത്തെ സംബന്ധിച്ചും ഇതുതന്നെ പറയാവുന്നതാണ്. മാർമ്മോദീസാ മുങ്ങി ഒരേ മതബോധനകളെ സ്വീകരിച്ച് മതാദ്ധ്യക്ഷനായ ശ്രീ. റോമാ മാർപ്പാപ്പായുടെ ആജ്ഞയിൻകീഴുള്ള ക്രിസ്ത്യാനികളുടെ കൂട്ടത്തിനാണ് പുരാതനകാലം തുടങ്ങി "കത്തോലിക്കാസഭ" എന്ന പേർ പറഞ്ഞുവരുന്നതു്. സഭയിലെ മതകർമ്മാനുഷ്ഠാനങ്ങൾ നിശ്ചിതമായ ഏതാനും ചില ഭാഷകളിലാണ് നടത്തിവരുന്നതു്. പ്രധാനമായി തത്തൽഭാഷകളെ അടിസ്ഥാനപ്പെടുത്തി, ഒരു ചിത്രത്തിലെ പല വർണ്ണങ്ങൾപോലെ, ലത്തീൻ, ഗ്രീക്ക്, സുറിയാനി ആദിയായ പല റീത്തുകൾ ഉണ്ടെങ്കിലും, എല്ലാററിന്റെയും വിശ്വാസ സംഹിതയും മേലദ്ധ്യക്ഷനും ഒന്നുതന്നെ. കേരളത്തിലാകട്ടെ ലത്തീൻ, സുറിയാനി എന്നു രണ്ടു റീത്തുകളേയുള്ളു. അഞ്ഞൂററിക്കാർ, എഴുനൂററിക്കാർ, പറങ്കികൾ മുതലായ വിഭാഗങ്ങൾ ഈ നാട്ടിലെ കത്തോലിക്കാ ലത്തീൻകാരുടെ ഇടയിലും, വടക്കുംഭാഗം തെക്കുംഭാഗം എന്നു രണ്ടു സമുദായ വിഭാഗങ്ങൾ കത്തോലിക്കാ സുറിയാനിക്കാരുടെ ഇടയിലും ഉണ്ടു്. ഇവക്കെല്ലാവക്കും കത്തോലിക്കാ സംജ്ഞ സർവ്വസാധാരണമായിട്ടുള്ളതാണ്.

മേൽ പറവാനുള്ളതു്, ഇതരമതക്കാരിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ള ചില പേരുകളെപ്പററിയാണ്.

### എ. റോമൻകത്തോലിക്കർ.

കത്തോലിക്കാമതാദ്ധ്യക്ഷനായ മാർപ്പാപ്പായുടെ അധിവാസസ്ഥാനം റോമ്മാ ആയതുകൊണ്ടായിരിക്കണം ഈ പേരുണ്ടായതു്. എന്നാൽ അന്ത്യോക്ക്യാ, കാൻറർബറി മുതലായ അന്യമതാദ്ധ്യക്ഷന്മാരുടെ കേന്ദ്രത്തോടു സംഘടിപ്പിച്ച ആ സമുദായങ്ങൾക്കു അന്ത്യോക്ക്യായാക്കോബായ എന്നോ, കാൻറർബറി പ്രോട്ടസ്റ്റാൻറ് എന്നോ പറയാറില്ലാത്ത സ്ഥിതിക്കു കത്തോലിക്ക സംജ്ഞയോടു, റോമായെ സംഘടിപ്പിക്കേണ്ട ആവശ്യം കാണുന്നില്ല. എങ്കിലും അർത്ഥഗർഭമായ കത്തോലിക്ക ശബ്ദം തങ്ങൾക്കും യോജിക്കുന്നതാണെന്നു ഇടക്കാലത്തു വാദം തുടങ്ങിയിട്ടുള്ള ചില കൂട്ടരിൽ നിന്നു വ്യത്യസ്തപ്പെടുത്തുന്നതിനായി ഇപ്പോൾ കത്തോലിക്കരും പ്രസ്തുത പദം ഉപയോഗിച്ചുവരുന്നു.

൨. റോമ്മാക്കാർ.

തിരുവിതാംകൂർ നിവാസികളെ തിരുവിതാംകൂർകാർ എന്നും, ഇംഗ്ലണ്ടുകാരെ ഇംഗ്ലീഷ്കാർ എന്നും വിളിക്കുന്നതു ഭാഷയുടെ ശരിയായ ഉപയോഗമാണ്. എന്നാൽ കേരളീയരേയോ അമേരിക്കരേയോ റോമ്മാക്കാർ എന്നു സംബോധന ചെയ്യുന്നതു അജ്ഞത കൊണ്ടെന്നല്ലാതെ എന്തുപറയട്ടെ. സർവ്വവ്യാപകമായ കത്തോലിക്ക സഭയെ റോമാപട്ടണത്തിന്റെയോ ദേശത്തിന്റെയോ അതൃത്തിക്കുള്ളിൽ അടച്ചു ശ്വാസം മുട്ടിക്കാമെന്നു വിശ്വസിക്കുന്നതിൽപരം ഹാസ്യകരമായി മറ്റൊന്നും ഇല്ല. നിരർത്ഥകവും ഗർഹണീയവുമായ പ്രസ്തുത സംജ്ഞ കത്തോലിക്കർ ഒരിക്കലും സ്വീകാര്യമല്ലെന്നു വായനക്കാർ പണ്ടേതന്നെ ഗ്രഹിച്ചിട്ടുണ്ടായിരിക്കണം.

സുറിയാനിക്കാരെ സംബന്ധിച്ചു രണ്ടു വാക്കുകൂടി പറഞ്ഞുകൊണ്ടു ഉപസംഹരിക്കാമെന്നു വിചാരിക്കുന്നു. കേരളത്തിലെ ആദിമസഭ, കത്തോലിക്ക സുറിയാനിസഭയായിരുന്നു എന്നു ഫാദർ ബർണാർഡിന്റെ "മാർതോമ്മാ ക്രിസ്ത്യാനികൾ" മുതലായ ചരിത്രങ്ങൾകൊണ്ടു നിഷ്പ്രയാസം ബുദ്ധിമാന്മാർക്കു കാണാവുന്നതാണ്. ഉദിയംപേരൂർ സൂനഹദോസിനുശേഷം കേവലം സാമുദായികമായ ചില വഴക്കുകൾ നിമിത്തം പിരിഞ്ഞു് പിന്നീടു മതഭിന്നതയിൽ ഉൾപ്പെട്ടതാണ് ഇപ്പോഴത്തെ യാക്കോബായസഭ. അവരിൽനിന്നും പല ഭിന്നകക്ഷികൾ ഇടക്കാലത്തു പ്രൊട്ടസ്റ്റന്റ്, മാർതോമ്മാ മുതലായ സമുദായങ്ങളായി പിരിഞ്ഞിട്ടുണ്ട്. ഒടുവിൽ പറഞ്ഞ സമുദായക്കാർ തങ്ങളുടെ മതശുശ്രൂഷയിൽ ഉപയോഗിക്കുന്ന ഭാഷ എന്തുതന്നെ ആയിരുന്നാലും സുറിയാനിക്കാർ എന്ന ശബ്ദത്തിൽ ആദിമ കത്തോലിക്കാ സുറിയാനി സഭയിൽ അദ്യാപി നില്ക്കുന്നവരും അതിൽനിന്നു കാലാന്തരത്തിൽ പിരിഞ്ഞവരെല്ലാവരും ഉൾപ്പെടുന്നു. എന്നാൽ കത്തോലിക്കർക്കു സുറിയാനിക്കാരോടു യാതൊരു സംബന്ധവുമില്ലെന്നു അർത്ഥം സ്ഫുരിക്കുന്ന ചില പ്രസ്താവനകൾ ഇതര സമുദായക്കാരുടെ പ്രസിദ്ധീകരണങ്ങളിൽ ഇപ്പോൾ ധാരാളം കാണാവുന്നതാണ്. സുറിയാനിക്കാർ എന്ന പദം യാക്കോബായ സമുദായക്കാരെ ഉദ്ദേശിച്ചാണ് ഇപ്പോൾ ക്രിസ്ത്യേതരന്മാരായ ഉദ്യോഗസ്ഥന്മാരും മറ്റും സാധാരണ ഉപയോഗിച്ചുവരുന്നതു്. ഇങ്ങനെയുള്ള തെറ്റിദ്ധാരണകളെ വിപാടനം ചെയ്യുന്നതിന് സെൻസസ് ഉദ്യോഗസ്ഥന്മാർക്കു പിശകു പറ്റാതിരിക്കുന്നതിനും ഉപയോഗത്തിൽ ഐകരൂപ്യം ഉണ്ടാകുന്നതിനും കത്തോലിക്കരെല്ലാവരും നമുക്കു സഹജമായ കത്തോലിക്കാ എന്ന ഉപാധിയോടുകൂടി, സ്വന്തറീത്തുകൂടെ തിരിച്ചറിയത്തക്കവണ്ണം, "സുറിയാനി കത്തോലിക്കർ", "ലത്തീൻ കത്തോലിക്കർ" എന്നിങ്ങനെ ഉപയോഗിക്കുന്നതു ആശാസ്യമായിരിക്കുമെന്നു പറഞ്ഞുകൊള്ളട്ടെ.

ഫാദർ ജോസഫ് പരേട്ടം.

# തിരുഹൃദയഭക്തന്മാർ ൯൨൦ തുലാമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"പൊതുസ്ഥാപനങ്ങളിലെ ക്രിസ്തീയ നടപടികൾ."

കൂടിച്ചേർന്നുള്ള പ്രാർത്ഥന വഴിയായി ദൈവരാജ്യത്തിനു അഭിവൃദ്ധിയും പ്രചാരവും വരുത്തുക എന്നുള്ളതാണല്ലോ തിരുഹൃദയസഭ, അഥവാ പ്രാർത്ഥനയുടെ അപ്പൊസ്തോലാത്തുസ് സഭയുടെ ഉദ്ദേശം. ഇതിനായി തിരുസഭയുടെ ഓരോ പ്രത്യേക ആവശ്യങ്ങളെ ഓരോ മാസത്തേയ്ക്കു തെരഞ്ഞെടുത്തു നിശ്ചയിച്ചുകൊണ്ടു്, തൽസാദ്ധ്യത്തിനായി സഭാംഗങ്ങളെല്ലാവരും ആ മാസം മുഴുവൻ തിരുഹൃദയത്തോടു പ്രാർത്ഥിക്കുന്നു. കഴിഞ്ഞ മാസത്തിൽ കൃഷികന്മാരുടെ ഗുണീകരണാർത്ഥമാണ് പ്രാർത്ഥിച്ചതു്. അതുപോലെതന്നേ പ്രാധാന്യമേറിയ ഒരു സംഗതിയാണ് പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് ഈ മാസത്തേക്കും നിശ്ച

യിച്ചിരിക്കുന്നത്. അതായത് പലേ തരത്തിലായി ഇപ്പോൾ ലോകത്തിലുള്ള ഓരോ പൊതുസ്ഥാപനങ്ങൾ ക്രിസ്തീയമായ ഒരു രീതിയിൽ ആയിത്തീരുക. വ്യവസായികമായുള്ള ശ്രമങ്ങൾ വദ്ധിച്ചുവരുന്നതോടുകൂടി മനുഷ്യരിൽ ഒരു വലിയ ഭാഗത്തിൻെറ ജീവിതം ഏറിയപങ്കും ഇപ്പോൾ ഈത്തരം സ്ഥാപനങ്ങളിലാണ് കഴിച്ചുകൂട്ടിവരുന്നതെന്നു പറയാം. ഇപ്രകാരമുള്ള ആപ്പീസുപണികളിലേക്കു പ്രവേശിക്കുന്നതിനോടെ മതനിഷ്ഠയും ദൈവഭക്തിയും ആപ്പീസിനു പുറത്തു വച്ചിട്ടു ഒരുതരം ദ്രവ്യാരാധനക്കാരായി ജീവിതം തുടങ്ങുകയാണെങ്കിൽ ഈ മാതിരിക്കാരിൽനിന്നു ലോകത്തിനു നേരിടാവുന്ന വിപത്തു എന്തുമാത്രമാണെന്നു അറിയുന്നതിലേക്കു ഇപ്പോൾ യൂറോപ്പിലേക്കു നോക്കിയാൽ മതിയായിരിക്കുന്നു. മേലുള്ളവർ കീഴുള്ളവരെ വേണ്ടപോലെ സ്നേഹിക്കുന്നില്ല; കീഴുള്ളവർ മേലുള്ളവരെ ബഹുമാനിക്കുന്നില്ല. സവ്വത്ര സമാധാനക്കേടുകളും വേലമുടക്കുകളും. ഈ നിലയിൽ കുറേക്കൂടെ മുന്നോട്ടു കടക്കുയാണെങ്കിൽ ലോകത്തിൻെറ സ്ഥിതി എന്താകുമെന്നു ഭയപ്പെടത്തക്ക നിലയിലായിരിക്കുന്നു. ഇതിനെല്ലാം കാരണമെന്താണെന്നു ചോദിക്കയാണെങ്കിൽ ക്രിസ്തുമതപഠനങ്ങളെ അവർ ഓക്കുന്നില്ല എന്നുള്ളതു തന്നേ. "യജമാനന്മാരേ! അവരുടേയും (ഭൃത്യന്മാരുടേയും) നിങ്ങളുടേയും നാഥനായിട്ടുള്ളവൻ സ്വർഗ്ഗങ്ങളിൽ ഉണ്ടെന്നും, ആ ദേഹത്തിനു പക്ഷഭേദമില്ലെന്നും അറിഞ്ഞുകൊണ്ടു അപ്രകാരം നിങ്ങളും ചെയ്യുകയും, ഭീഷണിവാക്കുകളേ ത്യജിക്കയും ചെയ്യിൻ" എന്ന വി. പൌലോസിൻെറ എഫെസായക്കാക്കുള്ള വാക്യം യജമാനന്മാർ വിസ്മരിച്ചുകളയുന്നു. "ഭൃത്യന്മാരേ! ജഡപ്രകാരമുള്ള നിങ്ങളുടെ യജമാനന്മാരേ, മ്ശിഹായെ എന്നപോലെ ഹൃദയ പരമാത്ഥതയിൽ ഭയത്തോടും വിറയലോടുംകൂടെ അനുസരിപ്പിൻ" (എഫേ. vi. 5) എന്നുള്ള പ്രസ്തുത ശ്ലീഹായുടെ വചനങ്ങളെ ഭൃത്യന്മാർ ഓക്കുന്നില്ല. സാക്ഷാൽ ക്രിസ്ത്യാനിക്കടുത്ത ജീവിതനടപടികൾ പ്രബലപ്പെട്ടുവരാത്ത കാലത്തോളം മേല്പറയപ്പെട്ട സ്ഥാപനങ്ങളിൽനിന്നും നാശകരഫലങ്ങളല്ലാതെ പുറപ്പെട്ടുവരാൻ മാഗ്ഗമില്ലാത്തതാകുന്നു. ആകയാൽ അത്യാവശ്യകമായ ഈ ഉദ്ദേശസാദ്ധ്യത്തിനായി തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാത്ഥിക്കണം.

## വർത്തമാനക്കുറിപ്പുകൾ.

അ. ഉ. ദലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ഈ മാസത്തിൽ മലയാളം സന്ദശിക്കുന്നതാണെന്നറിയുന്നു.

ഏഴു അംഗങ്ങളടങ്ങിയ ഒരു ബ്രാഹ്മണകുടുംബം മുഴവനും ഈയിട ത്രിച്ചിനാപ്പള്ളിൽ വച്ചു ജ്ഞാനസ്നാനം കൈക്കൊണ്ടിരിക്കുന്നതായി അവിടെ നിന്നു ഒരാൾ എഴുതിയിരിക്കുന്നു.

തലയോലപ്പറമ്പു പള്ളിവികാരി ബ. മാപ്പിളപറമ്പിൽ മാണിക്കത്തനാരവർകളുടെ ഗുരുപ്പട്ട രജതജൂബിലി കഴിഞ്ഞമാസം ൧൨-നു വളരെ കേമമായി ആഘോഷിക്കപ്പെട്ടിരിക്കുന്നു. ജൂബിലിനായകനു സിദ്ധിച്ച ഈ ഭാഗ്യത്തിൽ അദ്ദേഹത്തെ ഞങ്ങൾ ഹൃദയപൂവ്വം അനുമോദിച്ചുകൊള്ളുന്നു.

മയ്യനാട്ടുനിന്നും പ്രസിദ്ധം ചെയ്തുകൊണ്ടിരുന്ന "ധമ്മദൂതൻ" മാസികാപ്രൊപ്രൈറ്റർ മിസ്റ്റർ കല്ലിങ്ങൻ ജി. സാളമൺ സിംഗപ്പൂരിൽനിന്നും മടങ്ങിവന്നാൽ ഉടൻ അഞ്ചുതെങ്ങിൽ നിന്നും ഒരു കത്തോലിക്കാ പ്രതിവാരപത്രം പുറപ്പെടുവിക്കുന്നതാണെന്ന് മിസ്റ്റർ സാളമൺ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

ഉന്നതവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടിരിക്കുന്ന ശ്രീമാൻ പി. ജെ. തോമ്മസ് എം. ഏ. (ഓണേഴ്സ്) കെയസറിഹിൻഡ് എന്ന കപ്പലി

ൽനിന്നു കഴിഞ്ഞമാസം ൯നു- ഇപ്രകാരം എഴുതിയിരിക്കുന്നു. 'ഞാൻ പോകുന്ന കപ്പൽ ഇംഗ്ലീഷ്കാരുടെ വകയാണ്. കുമ്പാനയുംമററും ഇതിൽ ഇല്ല. കത്തോലിക്കനായി ഞാനല്ലാതെ ഇതിൽ ആരെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. ഇന്നു വൈകുന്നേരം ഏഡനിൽ എത്തും. ൨൭നു-യോടുകൂടിയേ ലണ്ടനിൽ എത്തുകയുള്ളു. ലണ്ടനിൽ ചെന്നാലുടനേ ഓക്സ്സ്ഫോർഡിലേക്കു പോകും. ഞാൻ ചേരുന്ന കോളജിൽ (Balliol College the best in Oxford) പ്രധാനാധ്യാപകൻ ഒരു കത്തോലിക്കനാണ്. പല അച്ചന്മാരും ഓക്സഫോർഡിൽ ഉണ്ടെന്നു കേട്ടു..... ഇളവുകാലത്തു ഞാൻ അയർലണ്ടു, ബൽജിയം, ഫ്രാൻസ് ഈ രാജ്യങ്ങളിലും പോകുന്നതാണ്. പോരുന്നവഴി റോമ്മയിലും പലസ്റ്റീനായിലും പോകണമെന്നു വിചാരിക്കുന്നു. ഇതിനൊക്കെ ദൈവസഹായമുണ്ടാകാൻ പ്രത്യേകം അപേക്ഷിക്കണമെ." മിസ്റ്റർ തോമസിനു ഞങ്ങൾ സകല വിജയങ്ങളും ആശംസിക്കുന്നതോടുകൂടെ 'കുസുമ' വായനക്കാരുടെ പ്രത്യേക പ്രാൎത്ഥനയും അദ്ദേഹത്തിനായി ക്ഷണിച്ചുകൊള്ളുന്നു.

---

മരിയൻകോൺഗ്രസ് സംബന്ധിച്ചുള്ള ഒരുക്കങ്ങൾ ത്വരിതമായി നടന്നുവരുന്നു. കോണാട്ടുപ്രഭു അവർകളുടെ മദ്രാസ് സന്ദൎശനവും ഇതോടടുത്തുതന്നെയുണ്ടാകുന്നതാണ്. ഇൻഡ്യൻ കത്തോലിക്കരുടെ പ്രാബല്യവും യോജിപ്പും ലോകസമക്ഷം പ്രത്യക്ഷീകരിക്കുന്നതിനു അകപ്പാടെ ഇതിനേക്കാൾ തക്കതായ ഒരവസരം ഇനി ഉണ്ടാകുന്നതല്ല. പ്രസംഗങ്ങൾക്കുള്ള പേരുകൾ നാനാഭാഗത്തുനിന്നും കമ്മട്ടിക്കാൎക്കു കിട്ടിക്കൊണ്ടിരിക്കുന്നു. ആദ്യ ദിവസത്തെ സ്വാഗതപ്രസംഗം അതിപ്രബല ബോംബാ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടായിരിക്കും. ചങ്ങനാശേരിൽനിന്നു ഫാദർ ജെയിംസ് കാളാച്ചേരി ഡി. ഡി. അവർകൾ ഒരു ഇംഗ്ലീഷ് പ്രസംഗവും, ഫാദർ തോമ്മസ് മുരിക്കൽ അവർകൾ ഒരു മലയാള പ്രസംഗവും ഏററിട്ടുണ്ട്. കോട്ടയം ബിഷപ്പ് ഡോക്ടർ ചൂളപ്പറമ്പിൽ അവർകളോടും ഒരു മലയാള പ്രസംഗത്തിനു ആവശ്യപ്പെട്ടിട്ടുള്ളതായിക്കാണുന്നു. തീൎച്ചപ്പെടുത്തിയതായ ലിസ്റ്റുകൾ ഒന്നും ഇതേവരെ പുറത്തുവന്നിട്ടില്ല. കേരളത്തിന്റെ പ്രഭാവചിഹ്നങ്ങളായ പൊൻവെള്ളിക്കുരിശുകൾ, ദൎശനസമൂഹങ്ങൾ ആദിയായവ കൊണ്ടുപോകണമോ എന്നും, അതു ഏതു വിധത്തിൽ നിർവഹിക്കേണ്ടു എന്നും മററുമുള്ള കാൎയ്യങ്ങൾ മേലധികാരികളുടെ ഗൌരവമായ ആലോചനക്കു വിഷയീഭവിച്ചിട്ടുണ്ട്.

---

വൈദികവിദ്യാഭ്യാസാൎത്ഥം റോമിൽ പോയിരുന്ന എറണാകുളം മിസത്തിൽപെട്ട റവ. ജോസഫ് പൈനുങ്കൽ അവർകൾ, പി. എച്ച്ഡി., ബി. ഡി. ആദിയായ ഉന്നതബിരുദങ്ങൾ നേടി ഗുരുപ്പട്ടവുമേററു സുഖമായി തിരിച്ചെത്തിയിരിക്കുന്നു. അദ്ദേഹത്തെ അനുമോദിക്കുന്നതിനായി സ്വദേശമായ തൃപ്പൂണിത്തുറെ നാനാജാതി മതസ്ഥന്മാരടങ്ങിയ ഒരു മഹായോഗം കൂടിയതായറിയുന്നു. ഫാദർ പൈനുങ്കനു ഞങ്ങൾ ശോഭനമായ ഒരു ഭാവിയെ ആശംസിച്ചുകൊള്ളുന്നു.

---

മാന്നാനം "സെൻറു ജോസഫ്സ് ബാണ്ട്" സെററുകാരുടെ "അരങ്ങേററം" കഴിഞ്ഞ മാസം ൧൨-നു- ഞായറാഴ്ച ഒട്ടധികം ആളുകളുടെ സാന്നിദ്ധ്യത്തിൽ വളരെ ആഘോഷപൂൎവ്വം നടത്തപ്പെട്ടിരിക്കുന്നു. സാമാനങ്ങളുടെ വിശേഷതയും, മൈസൂർ സ്റ്റേററു ബാൻറുമാസ്റ്ററായിരുന്നുംമററും പ്രഖ്യാതി പ്രാപിച്ചിട്ടുള്ള മിസ്റ്റർ ജെ. വി. ഡെനീസിൻെറ കീഴുള്ള ദീൎഘനാളത്തെ അഭ്യസനവും, മാനേജർ മിസ്റ്റർ പി. ററി. ജോസഫിൻെറ സ്ഥിരപരിശ്രമവും എല്ലാംകൂടിച്ചേൎന്നു ഇതു സാക്ഷാൽ നല്ല ഒരു ബാൻറുസെററായിത്തീൎന്നിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

---

അയർലണ്ടിലെ കുഴപ്പത്തിന്നു ഇതേവരെ യാതൊരു ശമനവും ഉണ്ടായിട്ടില്ല. മഹാ ക്രൂരതരങ്ങളായ കൊലപാതകങ്ങളുംമററും നടന്നുവരുന്നുവെന്നാണ് ഒടുവിൽ കിട്ടിയ കമ്പിവൎത്തമാനങ്ങളിൽ കാണുന്നതു്.

## മനോഗുണവിവരങ്ങൾ.

൧. വി. അന്തോനീസിന്റെ മാദ്ധ്യസ്ഥത്താൽ എനിക്കു ഉദ്യോഗം ലഭിച്ചിരിക്കുന്നു. കർമ്മലകുസുമം അടുത്ത ലക്കം മുതൽ അയച്ചുതരണം. വി. ജെ. പി. ആലപ്പുഴ.

൨. ചെങ്ങളത്തിലെ മാർ അന്തോനീസിന്റെ സഹായത്താൽ, എനിക്കു പിടിപെട്ട കഠിനമായ ഇൻഫ്ളുവെൻസാ പനി അത്ഭുതമായി ശമിച്ചിരിക്കുന്നു. സുഖപ്പെട്ടാൽ കുസുമത്തിൽ പ്രസിദ്ധം ചെയ്തുകൊള്ളാമെന്നുള്ള എന്റെ നേർച്ച തികച്ചുകൊള്ളട്ടെ. പരസ്യം ചെയ്യുന്നതിനുള്ള കൂലിചുമത്തി പത്രം വി. പി. ആയി അയച്ചുതരുവാനപേക്ഷ.

ജോൺ കരീന്നൽ റംഗൂൺ.

൩. വളരെ നാളായി എനിക്കു പിടിപെട്ടിരുന്ന കഠിനമായ വയററിൽ വേദന ഈശോയുടെ തിരുഹൃദയത്തോടു ഒരു നൊവേന കഴിച്ചതിനോടെ സുഖപ്പെട്ടിരിക്കുന്നു. വിവരം കുസുമത്തിൽ പ്രസിദ്ധം ചെയ്തു് അടുത്ത ലക്കം മുതൽ പത്രം എന്റെ പേക്കയച്ചുതരണം. കെ. വി. സി. മണലൂർ.

൪. എന്റെ സഹോദരിക്കു ൧൭ കൊല്ലങ്ങളായി പല ചികിത്സകൾ ചെയ്തിട്ടും ഭേദമാകാതിരുന്ന ഉന്മൻ എന്ന വ്യാധി ചെങ്ങളത്തു ൧൨ ചൊവ്വാഴ്ച കുമ്പിടാമെന്നും വിവരം കുസുമത്തിൽ പ്രസിദ്ധം ചെയ്യാമെന്നും നേർന്നതിനോടെ പൂർണ്ണമായി സുഖപ്പെട്ടിരിക്കുന്നു. ഫാദർ എസ്. കെ. ഭരണങ്ങാനം.

൫. എന്റെ ഉപദേശപ്രകാരം വി. അന്തോനീസിന്റെ സഹായം അപേക്ഷിക്കയും കുസുമത്തിൽ പ്രസിദ്ധപ്പെടുത്താമെന്നു വാഗ്ദാനം ചെയ്കയും ചെയ്ത എന്റെ ഒരു സ്നേഹിതൻ അത്ഭുതകരമാംവണ്ണം ഇക്കഴിഞ്ഞ സർവ്വേ പരീക്ഷയിൽ വിജയിയായിരിക്കുന്നു.

കെ. പി. സി. മുരുങ്ങൂർ.

൬. ചെങ്ങളം വി. അന്തോനീസിനോടു നേർന്ന നേർച്ച സഫലമായിരിക്കയും അദ്ദേഹത്തെ സ്തുതിക്കയും ചെയ്യുന്നു. വിവരം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള കൂലിനിരക്ക് അറിയിക്കണം. ഡൊമ്മിനിക്ക് ബ്രി. കൊച്ചി.

☞ സൂചനം— വരിക്കാരുടെ കുടുംബങ്ങളിൽ നടക്കുന്ന മരണ സംഭവങ്ങളൊഴികെയുള്ള മറ്റെല്ലാഗൃഹസംഭവങ്ങളും മനോഗുണവിവരങ്ങളും പ്രസിദ്ധപ്പെടുത്തുന്നതിലേക്കു ഒരു രൂപാ മുമ്പേറു അടച്ചിരിക്കണം.

## ചരമവാർത്തകൾ

൧. കൊററവിലങ്ങാട്ടു പള്ളിയിടവക ചരിത്രപ്രസിദ്ധമായ പള്ളിവീട്ടിൽ പനങ്കുഴക്കൽ ബ. കുര്യേപ്പ കത്തനാരവർകൾ കഴിഞ്ഞ മാസം ൨൨-ാംനു- പാതിരായിക്കു ശേഷം ൬൩-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ൨൦-ൽ പരം വൈദികരുടേയും അനവധി ജനങ്ങളുടേയും സാന്നിദ്ധ്യത്തോടുകൂടെ ആഘോഷമായ സംസ്കാരകർമ്മം പിറേറദിവസം നടത്തപ്പെട്ടു. 'ചൊല്ലി' അടക്കിയതു പനങ്കുഴക്കൽ ബ. ഉതുപ്പച്ചനവർകളും ചരമ പ്രസംഗം ദിവ്യശ്രീ മററത്തിൽ കുര്യൻ കത്തനാരവർകളുമായിരുന്നു.

൨. ചങ്ങനാശേരി കർമ്മലീത്താ മഠത്തിൽ ക്ഷയരോഗ ബാധിതയായി കിടന്നിരുന്ന ബ. മേറിസ്റ്റോളാസ്റ്റിക്കാമ്മ കഴിഞ്ഞ മാസം ൧-ാംനു- തന്റെ ൪൪-ാമത്തെ വയസ്സിൽ കർത്താവിൽ ദീർഘനിദ്ര പ്രാപിച്ചിരിക്കുന്നു. ഈ കന്യകാരത്നം ൧൦൬൯ ജൂൺ ൨൨-ാംനു- ആലപ്പുഴ മങ്ങാട്ടുപള്ളിൽ എന്ന മാന്യ കുടുംബത്തിൽ ജനിച്ചു. ൧൦൮൦ തുലാം ൪-ൽ കർമ്മലീത്താ സഭയിൽ ചേർന്നു സഭാവസ്ത്രം ധരിച്ചു. ൧൦൮൨ ചിങ്ങം ൧൭-ൽ നിത്യവ്രതം അനുഷ്ഠിച്ചു. മഠംവക സ്ക്കൂളിൽ തയ്യൽ മിസ്ട്രസ്സിന്റെ ജോലി ഏറ്റവും തൃപ്തികരമാംവണ്ണം നിർവ്വഹിച്ചിരുന്നു. ക്രമാനുഷ്ഠാനങ്ങളിലും ക്ഷമയിലും എല്ലാവർക്കും ഒരുത്തമ മാതൃകയായിരുന്നു. ദീനത്തിൽ കിടക്കയിൽ ഏ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പലപ്പോഴും വന്നു കാണുകയുണ്ടായിട്ടുണ്ട്.

൩. (൧) മൈലക്കൊമ്പു പള്ളി ഇടവക കണ്ടിരിക്കൽ മാത്തു മത്തായി അവർകൾ കഴിഞ്ഞ മാസം ൨൬-ാംനു- ൪൩-ാമത്തെ വയസ്സിലും, (൨) ഭരണങ്ങാനം ഇടവക ചെറുക്കപുരയിടത്തിൽ അബ്രാഹം വൈദ്യനവർകൾ ഈ മാസം ൧൧-ാംനു- ശനിയാഴ്ചയും, (൩) ചങ്ങനാശേരിപ്പള്ളിയിടവക കല്ലുകളത്തിൽ അബ്രാഹം അവർകൾ കഴിഞ്ഞമാസം ൧൬-ാംനു-യും, (൪) ചെല്ലാനം സെൻറു സെബാസ്ത്യൻ പള്ളിയിടവക കളത്തിൽ ഗാസ്പർ റാഫേൽ അവർകൾ ഈ മാസം ൬-ാംനു- തന്റെ ൪൬-ാമത്തെ വയസ്സിലും ചരമഗതി പ്രാപിച്ചിരിക്കുന്നു.

ഇവരുടെ നിത്യശാന്തിക്കായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ...  ...  എപ്പകത്തി ൧൦.

## ൧൯൨൦ാം ഒക്ടോബർ — ൧൦൯൬ കന്നി-തുലാം.

കാവൽമാലാഖായുടെ വണക്കമാസം.

ഈ മാസത്തിൽ ത്രികാലമണിജപം ദേവാലയത്തിൽ കൂട്ടമായിട്ടു എത്തിക്കയോ, തക്ക കാരണത്താൽ പാടില്ലാത്തപക്ഷം, തനിച്ചെത്തിക്കയോ ചെയ്യുന്നവർക്ക് ഓരോ പ്രാവശ്യവും ൭൦ ആ. മെണ്ഡ. ദ. വി. വിശേഷിച്ചും പള്ളിയിലാകട്ടെ, വശഹീനർ തനിച്ചാകട്ടെ ൧൦ നാൾ എങ്കിലും ജപമാല എത്തിച്ച് ശേഷം ക്രമമുള്ളതുംചെയ്താൽ പൂ. ദ. വി.

| | | | | |
|---|---|---|---|---|
| 1 | 16 | വെ | അം. മെ൮. റെമിജീ. ന. ആ. കു. വെ. | വെ. |
| 2 | 17 | ശ | † കാവൽമാലാഖാ. ന. ആ. കു. വെ. | വെ. |
| 3 | 18 | ഞ | ✠ പ. ൧൮ാം (കൊന്ത മാതാ. വെ.) ന. കു. ആ. ൨ ൦ . ... | പ. |
| 4 | 19 | തി | മെ൮. പ്രംസീസ്സോസ് അസീസി. ന. ആ. കു. വെ. | വെ. |
| 5 | 20 | ചൊ | വേ. ബ്ളാസി. ന. ആ. കു. വെ. | ചു. |
| 6 | 21 | ബു | ബ്രൂനോ. ന. ആ. കു. വെ. | വെ. |
| | | | ത്രേസ്യാ പുണ്യവതിയുടെ നവനാൾ തുടങ്ങുന്നു. | |
| 7 | 22 | വ്യാ | പാ. മെ൮. മർക്കോസ്. ന ആ. കു. വെ. | വെ. |
| 8 | 23 | വെ | † ബ്രിജീത്താ. ന. ആ. കു. വെ. | വെ. |
| 9 | 24 | ശ | വേ. ദിയാ. കൂട്ട. ന. ആ. കു. വെ. | ചു. |
| 10 | 25 | ഞ | ✠ പ. ൨൦. († ക. മറിയ. മാതൃ. വെ.) ന. ക. ആ. ... പ. |
| 11 | 26 | തി | † മെ൮. പ്രംസീ. ബോർജിയാ. ഇന്നലെ ന. ആ. കു. വെ. | വെ. |
| 12 | 27 | ചൊ | † അ. മെ൮. തോമ്മാ. വി. (കന്നി ൨൨.) ന. ആ. കു. വെ. | വെ. |
| 13 ● | 28 | ബു | † മെ൮. എദ്വാർദ്. ന. ആ. കു. വെ. | വെ. |
| 14 | 29 | വ്യാ | പാ. വേദ. കല്ലിസ്റ്റോസ്. ന. ആ. കു. വെ. | ചു. |
| 15 | 30 | വെ | † ക. അമ്മ ത്രേസ്യാ. ന. ആ. കു. വെ. | വെ. |
| | | | (കമ്പ. സ. അമ. സ. പൂ. ദ. വി.) | |
| | | | ചങ്ങനാശേരി, കാവാലം ഈ പള്ളികളിൽ പ്രധാന തിരുനാൾ. | |
| 16 | 31 | ശ | യോ. മാം. തലക. (ചിങ്ങം ൨൯) ന ആ. കു. വെ. | ചു. |
| 17 | 1 | ഞ | ✠ പന്ത ൨൧. († കു. മ. ശുദ്ധ. വെ.) ന. കു ആ ... | പ. |
| 18 | 2 | തി | വി. ലൂക്കാ. എവൻഗേലീസ്താ. ന. ആ. കു. വെ. | ചു. |
| 19 | 3 | ചൊ | † മെ൮. പത്രോസ്. അല. ന. ആ കു. വെ. | വെ. |
| 20 | 4 | ബു | † മെ൮. യോ. കാ. ന. ആ. കു. വെ. | വെ. |
| 21 | 5 | വ്യാ | മെ൮. ഹില്ലാരിയോൻ. ന. ആ. കു. വെ. | വെ. |
| 22 | 6 | വെ | † ക. മറിയ. ശാലോം ന. ആ. കു. വെ. | വെ. |
| 23 | 7 | ശ | † ദിവ്യരക്ഷ. ന. ആ. കു. വെ. | വെ. |
| 24 | 8 | ഞ | ✠ പന്ത ൨൨-ാം ന. കു. ആ. ൨ . ... . ൨ | പ. |
| 25 | 9 | തി | വേ. ക്രൂസാ. കൂട്ടരും. ന. ആ. കു. വെ. | ചു. |
| 26 | 10 | ചൊ | പാ. വേ. ഏവ. ന. ആ. കു. വെ. | ചു. |
| 27 | 11 | ബു | ശെമഓൻ യൂദാ. ശ്ലീ. ത. ന. ആ. കു. ത. (ഇ. വി.) | റോ. |
| 28 ◑ | 12 | വ്യ | (✠) ശെമഓൻ യൂദാ. ശ്ലീ. ന. കു. വെ. | ചു. |
| 29 | 13 | വെ | † റപ്പായേൽ മാലാഖാ. (ഈ. ൨൪) ന. ആ. കു. വെ. | വെ. |
| 30 | 14 | ശ | ക. മറി. അല. (ഈ. ൧൦) ന. ആ. കു. വെ. | വെ. |
| 31 | 15 | ഞ | ✠ പന്ത. ൨൩-ാം ന. കു. ആ. . ... . ... | പ. |

Printed and Published for the Proprietor by P. K. Joseph, at
St. Joseph's Press, Mannanam, 1920.

# ഇതു കണ്ടില്ലേ!

## 'കുസുമ'വരിക്കാർക്കു് — പ്രത്യേക സമ്മാനങ്ങൾ.

൧. ഒരു രൂപാ മുൻകൂറടയ്ക്കുന്ന പുതിയ വരിക്കാർക്കു, ഒരു കുടുംബപ്രതിഷ്ഠാസംഗ്രഹവും ഒരു ചെറിയ പടവും,

൨. കുടിശ്ശികകളെല്ലാം തീർത്തു ഒരാണ്ടത്തെ വരിപ്പണത്തോടുകൂടെ അപേക്ഷിക്കുന്ന പഴയ വരിക്കാർക്കു, ഒരു കുടുംബപ്രതിഷ്ഠാപടം,

൩. ഒരു കൊല്ലത്തേക്കു വേറൊരു വരിക്കാരന്റെ മാസിക കൂടെ സ്വന്ത മേൽവിലാസത്തിൽ വാങ്ങിച്ചുകൊടുക്കുന്ന വരിക്കാരനു്, കത്തോലിക്ക കുടുംബങ്ങൾക്കായി പെ. ബ. ചാവറ വലിയ പ്രിയോരച്ചൻ എഴുതിയ "ഒരു നല്ല അപ്പന്റെ ചാവരുൾ" എന്ന പുസ്തകം.

൪. ഒരു കൊല്ലത്തേക്കു, ഒരു പുതിയ വരിക്കാരനെ ചേർത്തു മേല്പറഞ്ഞ വിധത്തിൽ മാസിക വാങ്ങിക്കൊടുക്കുന്ന വരിക്കാരനു്, പ്രസിദ്ധ ചരിത്രകാരനായ വെരി റവ. ഫാദർ ബർനാർഡ് സി. ഡി. എഴുതിയ കൊച്ചുത്രേസ്യായുടെ ഒരു ചരിത്രം,

൫. ഒന്നിലധികം പഴയ വരിക്കാരുടെയോ, ഒന്നിലധികം പുതിയ വരിക്കാരെ ചേർത്തു അവരുടെയോ മാസികകൾ മേൽകാണിച്ചപ്രകാരം ഏറ്റുവാങ്ങി കൊടുക്കുന്നവർക്കു കാന്തുരൂപങ്ങൾ, കടലാസുരൂപങ്ങൾ, പുസ്തകങ്ങൾ ആദിയായ സമ്മാനങ്ങൾ യഥായോഗ്യം അയച്ചുകൊടുക്കുന്നതാണു്.

൬. പത്തു പുതിയ വരിക്കാരെ ചേർത്തു സ്വന്ത പേരിൽ മാസിക വാങ്ങിക്കൊടുക്കുന്നവർക്കു അങ്ങനെ ചെയ്തുവരുന്ന കാലത്തോളം ഒരു മാസിക സൌജന്യമായി കൊടുക്കപ്പെടും,

൭. മേല്പറഞ്ഞവിധം പതിനഞ്ചു പഴയ വരിക്കാർക്കു കൊടുക്കുന്നവർക്കും ഒരു മാസിക സമ്മാനം,

൮ സമ്മാനങ്ങളെല്ലാം ഞങ്ങളുടെ ചെലവിന്മേൽ അയച്ചുകൊടുക്കുന്നതാണു്.

ഈ മാസം ഒന്നാംതീയതി മുതൽ മാത്രം ഈ വ്യവസ്ഥകൾ നടപ്പിൽ വരുന്നതും അതിനുമുമ്പു നടന്നുവരുന്ന യാതൊരു ഏർപ്പാടും ഇതുകൊണ്ടു തടസ്സപ്പെടുന്നതല്ലാത്തതും ആകുന്നു.

മാനേജർ,

കർമ്മെല കുസുമം, മാന്നാനം.

---

**ഇവിടെ നോക്കുക!** **ഒരു പുതിയ പുസ്തകം!**

# "യേശുക്രിസ്തു"

## അഥവാ ക്രിസ്തുവിന്റെ കഥ കള്ളക്കഥയോ?

എന്ന അഭിധാനത്തിൽ മലയാളപണ്ഡിതർ ദിവ്യശ്രീ മററത്തിൽ കുഞ്ഞൻ കത്തനാർ അവർകൾ എഴുതിയ ഒരു പുതിയ ഗദ്യകൃതി ഇതാ പുറത്തായിരിക്കുന്നു.

ദിവ്യശ്രീമാനായ ക. നി. മൂ. സ. കൊച്ചുചാണ്ടിയച്ചൻ അവർകൾ എഴുതിയ പ്രൗഢവും നൂതനാശയപ്രകടിതവുമായ ഒരു അവതാരികയും ഇതിലുണ്ടു്. കോട്ടയം സീ എം. എസ്. പ്രസ്സിൽ ഭംഗിയായി അച്ചടിക്കപ്പെട്ടിട്ടുള്ളതും, മൂന്നു ഭാഗങ്ങളിലായി ൧൩ അദ്ധ്യായങ്ങളുള്ളതുമായ പ്രസ്തുത ഗ്രന്ഥത്തിനു വില ഏഴു അണാ മാത്രം. ഡസനു് ഒന്നുവീതം കമ്മീഷൻ കൊടുക്കപ്പെടും.

അപേക്ഷിക്കേണ്ടും മേൽവിലാസം,

സി. കെ. മററം.

മാന്നാനം. തിരുവിതാംകൂർ.

Regi: No. M. 365. Registered No. T. 5.

വ്യാജനിർമ്മിതങ്ങൾ ഉള്ളതുകൊണ്ട് പ്രത്യേകം നോക്കി [illegible] "ഏബ്രഹാം വൈദ്യന്റെ" എന്ന പേർ ഉള്ളത് വാങ്ങണം.

# ഗർഭരക്ഷാഗുളിക.

## സ്ത്രീലോകത്താൽ ആദരിക്കപ്പെട്ട ഒരു സിദ്ധൌഷധം.

### ഇരുപതാം നൂറ്റാണ്ടിലെ വലിയൊരു അനുഗ്രഹം.

ഗർഭിണികളുടെ നാനാവിധ അസ്വാസ്ഥ്യങ്ങൾക്കും ശീഘ്രവും സുഖകരവുമായ പ്രസവത്തിനും ശിശുവിന്റെ ആരോഗ്യരക്ഷയ്ക്കും ഉത്തമഗുണമെന്നു പാശ്ചാത്യ ഡാക്ടറന്മാരാലും പൌരസ്ത്യ വൈദ്യ ശിരോമണികളാലും മറ്റു മഹാന്മാരാലും, അനുഭവത്താൽ സമ്മതിക്കപ്പെട്ട ഏബ്രഹാം വൈദ്യന്റെ ഈ ഗുളികകൾ ഉള്ളപ്പോൾ മഹിളകൾ എന്തിനു ദുഃഖിക്കുന്നു?

മറ്റു പേരുകളിലുള്ള അനുകരണ ഗുളികകളാൽ വഞ്ചിക്കപ്പെടാതെ സർവ്വത്ര ആദൃതയും കീർത്തിമത്തുമായ ഏബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികകൾ വാങ്ങി പ്രസവത്തെ ലാഘവപ്പെടുത്തുന്ന പ്രശസ്തഗുണമനുഭവിപ്പിൻ!!

ഗുളികയുടെ സീമാതീതമായ ഫലത്തെപ്പറ്റി അനുഭവത്താൽ പ്രശംസിച്ച സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചില ഭിഷക്കുകളുടെയും മഹാന്മാരുടെയും പേരുകൾ പുതിയതായി ഗുളിക വാങ്ങുന്നവരുടെ തൃപ്തിക്കായി താഴെ ചേർത്തുകൊള്ളുന്നു.

മിസ്സിസ് ലൂക്കോസ്, (ഡാക്ടർ മേരി പുന്നൻ ലൂക്കോസ് ബി. ഏ; എം. ബി. ബി. എസ്സ്. ലണ്ടൻ. എൻ. എം. റൊട്ടുണ്ടാ, ലേഡി സർജ്ജൻ തിരുവിതാംകൂർ.) ഡാക്ടർ എസ്. വെങ്കിട്ടസ്വാമിനായിഡു, സർജ്ജൻ, ബ്രഹ്മശ്രീ വയസ്കര ആര്യൻ നാരായണൻ മൂസ്സ്; ഡാക്ടർ എസ്. രാമസ്വാമി അയ്യർ ബി. ഏ. എം. ബി. സി. എം., ഡാക്ടർ [illegible] ബി. ഏ. എം. ബി. സി. എം., സി. അന്തപ്പായി അവർകൾ ബി. ഏ., കെ. സി. മാമ്മൻ [illegible] അവർകൾ ബി. ഏ. മനോരമ പത്രാധിപർ. ഒരു മാസത്തേക്കു ഗുളിക ക. [illegible] മാസത്തേക്കു ക. [illegible]

"മിസ്റ്റർ ഏബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിൽ അഭിനന്ദിച്ചുകൊണ്ടു ഡാക്ടറന്മാർ, ആര്യവൈദ്യന്മാർ, വൈദികന്മാർ, തമ്പുരാക്കന്മാർ, ലേഡി ഡാക്ടറന്മാർ ആദിയായി അനുഭവസ്ഥന്മാരായ അനവധി മാന്യന്മാരുടെയും മഹതികളുടെയും ഒട്ടുവളരെ ഇംഗ്ലീഷ് മലയാള വർത്തമാനപ്പത്രങ്ങളുടെയും പ്രശംസകൾ പത്രീഭവിച്ചിരിക്കുന്നു."

"മലയാള മനോരമ."

വൈദ്യൻ ഇ. ഡബ്ളിയു. ഏബ്രഹാം മെഡിക്കൽ ഹാൾ,

കൊട്ടാരക്കുളത്തിനു സമീപം ൧൦, ആലപ്പുഴ.